5592

കഥകരം

# കഥാകുസുമങ്ങൾ

ആർ. സി. ശർമ്മ

-K.

12 as.

ശ്രീ. സ്വർണ്ണകുമാരീദേവി

# കഥാകുസുമങ്ങൾ

തിരുവിതാംകൂർ കൊച്ചി
പാഠ്യപുസ്തകക്കമ്മററികളും
ഗ്രന്ഥശാലാസംഘം ബുക്ക്സിലക്ഷൻ കമ്മററിയും
അംഗീകരിച്ചിട്ടുള്ളതു്.

ആർ. സി. ശർമ്മാ

KOTTAYAM PUBLIC LIBRARY KOTTAYAM
43121

ഒന്നാംപതിപ്പ് 1109

രണ്ടാംപതിപ്പ് 1130

രണ്ടാംപതിപ്പ്—കോപ്പി ആയിരം

1955 ഏപ്രിൽ

പന്ത്രണ്ടണ

---

പ്രസാധകർ:—

ശ്രീനരസിംഹവിലാസം ബുക്കഡിപ്പോ

തുറവൂർ, T. C. S.

---

അച്ചടി

സഹോദരൻപ്രസ്സ്, എറണാകുളം

---

സർവ്വാവകാശവും പ്രസാധകർക്ക്

# ഒന്നാം പതിപ്പിൻെറ മുഖവുര

ശ്രീമതി സ്വൎണ്ണകുമാരീദേവി വംഗസാഹിത്യലോകത്തിലെ സുപ്രസിദ്ധയായ ഒരു ഗ്രന്ഥകർത്രിയാണ്. ആഖ്യായികകളായിട്ടും ചെറുകഥകളായിട്ടും അവർ അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവരുടെ പേർ മലയാളികൾക്ക് ഒരിക്കലും അപരിചിതമായിരിക്കയില്ല.

ആ മാതൃഭാഷാഭക്തയായ വന്ദ്യ കവയിത്രി വംഗഭാഷാദേവിയുടെ ചരണകമലങ്ങളിൽ ആദരപൂൎവ്വം അൎപ്പിച്ചിട്ടുള്ള ആരാധനാകുസുമങ്ങൾ അസാധാരണമായ പരിമളവിശേഷംകൊണ്ടു് ആരുടേയും ഹൃദയത്തെ ആനന്ദപുളകംകൊള്ളിക്കുന്നവയത്രെ. അവയിൽ ചില ചെറു കുസുമങ്ങളെ എടുത്തു് കൈരളിയുടെ പാദപത്മങ്ങളിൽ ഉപഹാരമായി അൎപ്പിക്കുവാൻ അപ്പഴപ്പോഴായി ഞാൻ ശ്രമിക്കുകയുണ്ടായി. ആ ശ്രമത്തിനിടയിൽ ഈയുള്ളവൻെറ കരസ്പൎശംകൊണ്ടു് അവയുടെ വാസനയ്ക്കും ഭംഗിയ്ക്കും ഭംഗം നേരിടാതിരിക്കത്തക്കവിധത്തിൽ സാവധാനചിത്തനായിട്ടാണ് ഞാൻ പ്രവൎത്തിച്ചിട്ടുള്ളതു്. ഇപ്പോൾ അവയെല്ലാം കൂട്ടിച്ചേൎത്തു് കൈരളിഭക്തന്മാരുടെ കൈകളിൽ ഇതാ ഞാൻ സപ്രശ്രയം സമൎപ്പിച്ചുകൊള്ളുന്നു.

ഈ ഉദ്യമത്തിൽ സ്നേഹപൂൎവ്വം എന്നെ പ്രേരിപ്പിച്ച ശ്രീനരസിംഹവിലാസം ബുക്കുഡിപ്പോ പ്രവ

ത്തകനായ ശ്രീ. ആർ. മാധവപ്പൈ അവർകളോട്
ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു. ഭാഷാപോ
ഷണവിഷയത്തിൽ അദ്ദേഹം ചെയ്യുന്ന ഈവിധശ്രമ
ങ്ങൾ കേരളീയരുടെ അകൈതവമായ അഭിനന്ദന
ത്തിന് അർഹമായിത്തീരുമെന്ന് ഞാൻ വിശ്വസി
ക്കുന്നു.

ഞാറക്കൽ
18—11—1109

ആർ. സി. ശർമ്മാ.

# കഥകൾ


| | | വശം |
|---|---|---|
| 1. | യമുന | 9 |
| 2. | മറുകയ്യിൽ പോയപണം | 35 |
| 3. | വൈരനിര്യാതനം | 47 |
| 4. | ക്ഷത്രിയന്റെ അശ്വം | 57 |
| 5. | എന്റെ അനുജൻ | 68 |

# കഥാകുസുമങ്ങൾ

---

# യമുന

---

## ഒന്നു്

മഞ്ഞുകാലത്തിലെ ഒരു പ്രഭാതം. ഇരുട്ടു് കുറേ ശ്ശേയായി മെല്ലെ മെല്ലെ ഒഴിഞ്ഞുതുടങ്ങി. വടക്കുനിന്നു തണുത്ത കാററു് വീശുന്നുണ്ടു്. എങ്കിലും അന്നു ഞങ്ങൾക്കു് ഒരു സദ്യയുണ്ടായിരുന്നതിനാൽ വളരെ നേരത്തേ എല്ലാവരും ഉണൎന്നു് വീട്ടിൽനിന്നു് പുറത്തേക്കിറങ്ങേണ്ടിയിരുന്നു. ഞാൻ വെളുപ്പിനു് എഴുനേററു് ഒരു കുടവും എടുത്തു് ഒക്കത്തുവെച്ചുകൊണ്ടു് തണുപ്പുകൊണ്ടു് വിറച്ചു വിറച്ചു് സ്നാനത്തിനായി ഗംഗയിലേക്കു തിരിച്ചു. നദീതീരത്തിൽ എത്തിയപ്പോൾ അവിടെ ഒരു മരത്തിൻെറ ചുവട്ടിൽ ഒരു സ്ത്രീ കിടക്കുന്നതു കണ്ടു. എന്നെക്കണ്ടപ്പോൾ അവൾ എഴുനേററിരുന്നു. ഞങ്ങളുടെ ഈ ചെറിയ ഗ്രാമത്തിൽ ഞങ്ങൾ—സ്ത്രീകൾ—അന്യോന്യം എല്ലാവരേയും അറിയും. അവൾ ഞങ്ങളുടെ നാട്ടിലുള്ളവളല്ലെന്നു് എനിക്കു മനസ്സിലായി. ഇത്ര സുന്ദരിയായ ഒരു ചെറുപ്പക്കാരിപ്പെണ്ണു് തനിച്ചു് അവിടെ ഇരിക്കുന്നതു കണ്ടു് ഞാൻ അല്പം ആശ്ചൎയ്യപ്പെട്ടു. തണുപ്പുകൊണ്ടു വിളറിക്ഷീണി

ച്ചിരുന്ന അവളുടെ മുഖം കണ്ടപ്പോൾ എന്റെ ഹൃദയം വല്ലാതെ തകൎന്നു. ഞാൻ അടുത്തുചെന്നു് ഇങ്ങനെ ചോദിച്ചു. "കുഞ്ഞേ, നീ ആരാണു്? എവിടെനിന്നു വരുന്നു?" ഇതു കേട്ടിട്ടു് അവൾ വിഷാദസൂചകങ്ങളായ തന്റെ നേത്രങ്ങളെ ഉയൎത്തി, "ഞാൻ ഒരു വഴിപോക്കത്തിയാണമ്മേ! ഇവിടെ എത്തിയപ്പോൾ നടക്കാൻ വയ്യാതായി. അതുകൊണ്ടു് ഇവിടെ കിടക്കുകയാണു്." എന്നു് സാവധാനത്തിൽ ഉത്തരം പറഞ്ഞു.

"ചെറുപ്പക്കാരിയായ നീ തനിച്ചു് വഴിയാത്ര ചെയ്യുകയോ? വീട്ടുകാർ നിന്നെ ഇങ്ങനെ ഒററയ്ക്കു വിട്ടുവോ?"

യുവതി ദൃഷ്ടികളെ നമിപ്പിച്ചുകൊണ്ടു പറഞ്ഞു. "എനിക്കു വീട്ടുകാർ ആരുമില്ല." അവളുടെ വിഷാദപൂൎണ്ണമായ സ്വരം എന്റെ ഹൃദയത്തിൽ കൊണ്ടു. ഞാൻ വീണ്ടും ചോദിച്ചു. "ആരുമില്ലെന്നോ? നീ പിന്നെ എങ്ങോട്ടു പോകുന്നു?"

യുവതി—"തരമുണ്ടെങ്കിൽ ഇവിടെത്തന്നെ താമസിക്കും. ഈ നാട്ടിൽ ആരെങ്കിലും എന്നെ വേലക്കാരിയായി താമസിപ്പിക്കുമോ?"

എന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. വീണ്ടും എന്തെങ്കിലും ചോദിപ്പാൻ എന്റെ നാക്കുപൊങ്ങിയില്ല. സംസാരത്തിലെ മോഹാവൎത്തത്തിൽപ്പെട്ടു് നഷ്ടാവലംബയായി കഷ്ടപ്പെടുന്ന ഭാഗ്യഹീനയായ ഒരു വിധവയാണു് അവൾ എന്നു് ഞാൻ അറിഞ്ഞു. "ഇന്നു മുതൽ ഞാൻ നിന്റെ ചേച്ചിയാണു്. എന്റെ

ക്കുടെ പോരിക." എന്നു പറയുവാനാണ് അപ്പോഠം എനിക്ക തോന്നിയതു്. ഉടനെ ഗംഗയിൽ ഇറങ്ങി സ്നാനം ചെയ്തു് അവളേയും കൂട്ടിക്കൊണ്ടു് ഞാൻ ഗൃഹത്തിലേക്ക പോന്നു.

## രണ്ടു്

ഏതാനും ദിവസങ്ങഠംക്കുള്ളിൽ യമുന ഞങ്ങളുടെ "സ്വന്തം" ആയിത്തീൎന്നു. ഏതെങ്കിലും വിശേഷം ഉണ്ടായാൽ അതു് അവളോട്ട പറയുന്നതുവരെ ഞങ്ങഠംക്ക തൃപ്തിയില്ല. അവളെ കൂടാതെ യാതൊരു സന്തോഷകാൎയ്യങ്ങളും അനുഭവിപ്പാൻ ഞങ്ങളുടെ മനസ്സു മുതിൎന്നില്ല. സമ്പത്തിലും, വിപത്തിലും, സന്തോഷത്തിലും, സന്താപത്തിലും, സകല കാൎയ്യങ്ങളിലും യമുന ഞങ്ങഠംക്ക സ്വന്തവും പങ്കുകാരിയും ആയിത്തീൎന്നു. എന്നാൽ ഞങ്ങഠം അവളെ സ്വന്തമെന്നു കരുതിയിരുന്നതുപോലെ തന്നെ അവഠം ഞങ്ങളെ കരുതിയിരുന്നോ എന്നു് എനിക്ക സംശയമായിരുന്നു.

ഞങ്ങഠം അവളെ ഇത്രമാത്രം ഉള്ളഴിഞ്ഞു സ്നേഹിച്ചിട്ടും അവളുടെ ആ സ്ഥിരമായ വിഷണ്ണഭാവം ശമിച്ചില്ല. അവഠം തൻെറ മനോദുഃഖത്തെ ഒരിക്കലും ഞങ്ങളോട്ട തുറന്നുപറഞ്ഞതുമില്ല. ഞങ്ങളോടൊന്നിച്ചു് അവഠം താമസം തുടങ്ങീട്ടു് കുറേ നാളായെങ്കിലും അവളുടെ വാസ്തവചരിത്രത്തെക്കുറിച്ചു് ഒന്നും തന്നെ ഞങ്ങഠംക്കറിവാൻ കഴിഞ്ഞില്ല. ഇത്രമാത്രം ഞാൻ അറിഞ്ഞിരുന്നു: "അവളുടെയും ഞങ്ങളുടെയും

ജാതി ഒന്നാണ്—അവൾ ഒരു കായസ്ഥയുവതിയാണ്. മേദിനീപുരത്തിലാണ് അവളുടെ പിതൃഗൃഹം. അവളുടെ അച്ഛനും അമ്മയും ഇപ്പോൾ ഇല്ല. അവൾക്കു താമസിപ്പാൻ ഒരു സ്ഥലവും ഇല്ല.

"അതെങ്ങനെ? ശ്വശ്രുരഗൃഹമോ?"

ഈ ചോദ്യത്തിനുത്തരം പറയുവാൻ അവൾക്ക് ഇഷ്ടമില്ലായിരുന്നു. നിർബ്ബന്ധിക്കുമ്പോഴാകട്ടെ, അവളുടെ കണ്ണുകളിൽ ബാഷ്പം നിറയുകയും ഉടനെ അവൾ ആ സ്ഥലത്തുനിന്നു് പോകയും ചെയ്യും.

യമുനയ്ക്കു് ഞങ്ങളുടെ നേരെ ഇത്രമാത്രം അവിശ്വാസം തോന്നുവാൻ കാരണമെന്തു്? ഞങ്ങളോടു് അവൾക്ക് സ്നേഹമില്ലായിരിക്കുമോ? അങ്ങനെ വരില്ല. ഞങ്ങളുടെ സുഖദുഃഖങ്ങളിൽ അവൾ പ്രദർശിപ്പിക്കുന്ന ആ ആന്തരമായ അനുഭാവം കേവലം ബാഹ്യാഭിനയമായി വരുവാൻ ഇടയില്ല. അവളുടെ ജീവിതത്തിൽ ലജ്ജാവഹമായ ഏതെങ്കിലും അംശം അടങ്ങീട്ടുണ്ടായിരിക്കണം. അതിനെ പ്രകാശിപ്പിക്കുന്നതു് ഹൃദയഭേദകമായിട്ടു് അവൾക്കു തോന്നുന്നു. അന്യരുടെ സ്നേഹത്തെ സമ്പാദിക്കാൻ വേണ്ടിപ്പോലും അതിനെ വെളിപ്പെടുത്തുവാൻ അവൾക്കു ധൈര്യമില്ല. ഇതായിരിക്കാം വാസ്തവം. ഇങ്ങനെ വിചാരിച്ചു സമാധാനിച്ചു് ഞങ്ങളും പിന്നീടു് ആ വിഷയത്തെക്കുറിച്ചു് അവളോടു് ഒന്നും ചോദിക്കാറില്ല. എങ്കിലും മനസ്സിൽ ഒരുൽക്കണ്ഠ എപ്പോഴും ഞങ്ങൾക്കുണ്ടായിരുന്നു. അവളുടെ ഇപ്പോഴത്തെ നിസ്വാർത്ഥവും പവി-

ത്രവുമായ ജീവിതം ഒരിക്കൽ മാലിന്യത്താൽ ദൂഷിതമായിരുന്നു എന്നു് എല്ലാ സമയവും വിശ്വസിച്ചു കൊണ്ടിരിപ്പാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. കൂടെക്കൂടെ അതിന്റെ അസംഭവ്യതയെക്കുറിച്ചു് ഞങ്ങളുടെ മനസ്സിൽ ശങ്ക ജനിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു തന്നെ യമുനയുടെ ഈ പെരുമാററത്തിൽ– ഈ അവിശ്വാസഭാവത്തിൽ–ഇടയ്ക്കിടെ ഞങ്ങൾക്കു മനസ്താപം തോന്നാറുണ്ടായിരുന്നു.

യമുന വന്നിട്ടു് ഇനിയും ഒരുകൊല്ലം തികഞ്ഞിട്ടില്ല. മഞ്ഞുകാലത്തു് അവൾ വന്നു. ഇപ്പോൾ മഴക്കാലം ആരംഭിച്ചിരിക്കുന്നു. ഒരുദിവസം പുലച്ചമുതല്ക്കുതന്നെ മഴക്കാറു് മാനത്തെ മറച്ചുതുടങ്ങി. നാലുദിക്കിലും പകൽ സമയവും ഇരുട്ടടഞ്ഞിരുന്നു. അന്നു വൈകുന്നേരം ഞങ്ങൾ രണ്ടുപേരും മേൽകഴുകാനായി ഗംഗയിലേക്കു ചെന്നു. അവിടെ എത്തിയ ഉടനെ ഞങ്ങൾ നദിയിലേക്കു് ഇറങ്ങി. ഓരോ കല്പടവു് ഇറങ്ങുംതോറും കാർമേഘത്തിനു് കട്ടികൂടിത്തുടങ്ങി. നദിയിലെ ജലത്തിനു കാളിമയും വർദ്ധിച്ചു. ഞങ്ങൾ വെള്ളത്തിൽ ഇറങ്ങി. സ്വല്പനിമിഷങ്ങൾക്കുള്ളിൽ "ഘോ, ഘോ" എന്നാർത്തുകൊണ്ടു് മഴയും ആരംഭിച്ചു. "യമുനേ, വേഗം എണീക്കു്; ഇനിമതി." എന്നു ഞാൻ ബദ്ധപ്പാടോടുകൂടി പറഞ്ഞു. യമുന എന്റെ നേരെ മുഖം തിരിച്ചു. ഞാൻ പെട്ടെന്നു ഞെട്ടിപ്പോയി. എന്തുഭയങ്കരമായ വിഷണ്ണഭാവമാണു് ഞാൻ അവിടെ കണ്ടതു്. അപ്പോൾ പുറമേ ഉണ്ടായിരുന്ന ഇരുട്ടു്

അവളുടെ ഹൃദയാന്ധകാരത്തിൻെറ അർദ്ധമാത്രപ്രതിഫലിതമായ പ്രതിബിംബമാണെന്ന് എനിക്കു തോന്നിപ്പോയി. എന്നെ നോക്കിക്കൊണ്ടു് അവൾ പതുക്കെപ്പതുക്കെ പറഞ്ഞു. "ചേച്ചീ ചേച്ചി വീട്ടിലേക്കു പോക. ഞാൻ കുറച്ചുകഴിഞ്ഞിട്ടേ വരുന്നുള്ളു." ഇതു കേട്ടപ്പോൾ എനിക്കു് അടങ്ങിയിരിക്കുവാൻ കഴിഞ്ഞില്ല. "യമുനേ, ഞങ്ങൾ നിനക്കു് ഇത്രമാത്രം അകന്നവരാണോ?" എന്നു ഞാൻ ചോദിച്ചു

എൻെറ ചോദ്യത്തിൻെറ അർത്ഥം അവൾക്കു മനസ്സിലായി. അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു "ചേച്ചി, നിങ്ങളല്ലാതെ എനിക്കു സ്വന്തമായിട്ടു് മററാരുമില്ല." എന്നു അവൾ സഗൽഗദം ഉത്തരം പറഞ്ഞു.

"എന്നാൽ പിന്നെ നിനക്കീ അവിശ്വാസത്തിനു കാരണമെന്തു്? മനസ്സിലുള്ളതു മുഴുവൻ ഞങ്ങളോടു് തുറന്നു പറയാതെ മറച്ചുവെക്കുന്നതെന്തുകൊണ്ടു്?"

ആകാശത്തിലേക്കു് ദൃഷ്ടികളെ ഉയൎത്തിക്കൊണ്ടു് യമുന പറഞ്ഞു:—"ഞാൻ മറച്ചുവെക്കുന്നതെന്തുകൊണ്ടെന്നു് ഭഗവാന്നറിയാം. ഏതായാലും ഇനി ഞാൻ മറച്ചുവെയ്ക്കുന്നില്ല. ഈ ഭാഗ്യഹീനയുടെ ചരിത്രം കേൾക്കുവാൻ ഇത്രമാത്രം ഉൽക്കണ്ഠയുണ്ടെങ്കിൽ ചേച്ചി കേൾക്കു; ഞാൻ പറയാം."

ഞങ്ങൾ വെള്ളത്തിൽ നിന്നു കരക്കു കയറി ഒരു കല്പടവിൽ ഇരുന്നു. നാലു പുറവും നിബിഡമായ അ-

ന്ധകാരം; പാദസമീപത്തിൽ ഇളകിമറിയുന്ന നദി: തലയ്ക്കുമുകളിൽ ഇടവിടാതെ പെയ്യുന്ന വർഷധാര; എല്ലാം വിസ്മരിച്ചു് ഞങ്ങൾ രണ്ടുപേരും പരസ്പരം മുഖത്തുനോക്കി ഇരിപ്പായി. യമുന തന്റെ കഥ പറയുവാൻ ആരംഭിച്ചു. ഞാൻ നിശ്ശബ്ദമായി കേട്ടുകൊണ്ടിരുന്നു.

"അന്നും ഇതുപോലുള്ള ഒരുദിവസമായിരുന്നു. പ്രഭാതംമുതൽക്കുതന്നെ ആകാശത്തിൽ മഴക്കാറ നിറഞ്ഞിരുന്നു. സന്ധ്യയായപ്പോൾ മഴയും പെയ്തു. ഞാൻ എന്റെ സ്വന്തം ഗൃഹത്തിൽ രോഗിണിയായ മാതാവിന്റെ അടുക്കൽ ഇരിക്കയായിരുന്നു. അന്നു് എനിക്കു് പതിന്നാലു വയസ്സു് പ്രായമാണു്. എങ്കിലും എനിക്കു് അപ്പോഴും വിവാഹം കഴിഞ്ഞിരുന്നില്ല. എന്റെ അഞ്ചാമത്തെ വയസ്സിൽത്തന്നേ അച്ഛൻ മരിച്ചുപോയി. അച്ഛൻ ധനവാനായിരുന്നു; പക്ഷേ അദ്ദേഹത്തിന്റെ മരണശേഷം ഒന്നുരണ്ടു ദുഷ്ടന്മാർ അദ്ദേഹത്തിനുണ്ടായിരുന്ന സ്വല്പ കടത്തിനുവേണ്ടി ഞങ്ങളുടെ വസ്തുവകകൾ എല്ലാം ജപ്തിചെയ്തു് ലേലത്തിൽ വിററുകൊണ്ടുപൊയ്ക്കളഞ്ഞു. എന്നെ വിവാഹം ചെയ്തുകൊടുക്കുന്ന കാര്യത്തിൽ ശ്രമിക്കുന്നതിനോ ബുദ്ധിമുട്ടുന്നതിനോ സ്വന്തമായിട്ടു് മററാരുമില്ലായിരുന്നു. അമ്മ—ഒരു സ്ത്രീ തനിച്ചു് എന്തുചെയ്യും? ദരിദ്രയായ ഒരു കായസ്ഥകന്യകയുടെ വിവാഹം എളുപ്പത്തിൽ നടക്കുന്നതല്ല. അതുകൊണ്ടു് അക്കാലംവരെ എനിക്കു വിവാഹത്തിനു യോഗമുണ്ടായില്ല. ഇക്കാ

ര്യത്തിൽ അമ്മ സാമാന്യത്തിലധികം ചിന്താകുല യായിത്തീൻ. ക്രമേണ ആ ആധി വ്യാധിയായി പരിണമിച്ചു് ശരീരത്തെയും ബാധിച്ചു. നാൾക്കു നാൾ അതു് വർദ്ധിച്ചുവരികയും ചെയ്തു. ആരെങ്കി ലും അമ്മയുടെ അടുത്തു വന്നാൽ അവരോടു് എപ്പോ ഴും ഇക്കാര്യത്തെക്കുറിച്ചുതന്നെ സംസാരിക്കും. ഏതെ ങ്കിലും ഒരു വരനെ അന്വേഷിച്ചു നിശ്ചയിക്കുവാൻ അവരോടപേക്ഷിക്കും. എപ്പോഴും ഈ ഒരു കാര്യത്തെ ക്കുറിച്ചുള്ള വിചാരമല്ലാതെ മററാരു ചിന്തയും അമ്മ യ്ക്കില്ല. അന്നു വൈകുന്നേരവും ഇക്കാര്യത്തെക്കുറിച്ചു തന്നെ അവർ വിചാരിച്ചുകൊണ്ടിരുന്നു. “കുഞ്ഞേ, ഞാൻ പോയാൽ നിന്റെ സ്ഥിതി എന്തായിരിക്കും?” എന്നെ മാറോടണച്ചുകൊണ്ടു് അമ്മ ഈ വാക്കുകളെ വീണ്ടും വീണ്ടും ഉച്ചരിച്ചു. പുറമേ അതിഘോരമാ യ മഴ പെയ്യുന്നു, ഗൃഹത്തിനുള്ളിൽ ഞങ്ങൾ രണ്ടുപേ രുടേയും നേത്രങ്ങളിൽനിന്നു് ബാഷ്പധാര പ്രവഹി ക്കുന്നു. ഈ സമയത്തു് വാതിൽക്കൽ ആരോ വ ന്നു മുട്ടി. “ഹാരാംബയായിരിക്കും. വാതിൽ തുറ ക്കു്,” എന്നു് അമ്മ എന്നോടാജ്ഞാപിച്ചു. ഹാരാംബ ഞങ്ങളുടെ അയൽവക്കത്തുള്ള ഒരു വൃദ്ധയാണു്. അവർ ഞങ്ങളുടെ ഗൃഹജോലികളൊക്കെ ചെയ്തുതരാറുണ്ടു്. ഞാൻ ഉടനെചെന്നു വാതിൽ തുറന്നു. എന്നാൽ അതു് ഹാരാംബയല്ലായിരുന്നു. ദേഹമെല്ലാം നനഞ്ഞിട്ടുള്ള അപരിചിതനായ ഒരു പുരുഷനാണു് അകത്തു കടന്ന തു്. അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ അല്പം മാറി നിന്നു. “ഇന്നത്തെ ദിവസം ഇവിടെ കഴിച്ചുകൂട്ടുവാ

ൻ എന്നെ അനുവദിക്കുമോ? ഈ മഴയത്തു് ഇനിയും നടക്കുവാൻ ഞാൻ ശക്തനല്ല." എന്നു് ആ ആഗതൻ ചോദിച്ചു. അദ്ദേഹത്തിൻെറ വാക്കുകൾ അമ്മക്കു കേൾക്കുവാൻ കഴിഞ്ഞു. ഉടനേ കിടക്കയിൽ എഴു ന്നേററിരുന്നുകൊണ്ടു് അമ്മ ഇങ്ങനെ പറഞ്ഞു:— "അല്ല, എന്തിനാണു നനയുന്നതു കുഞ്ഞേ, രാത്രി ഇവി ടെത്തന്നെ താമസിക്കാം."

പാന്ഥൻ ഞങ്ങളുടെ അതിഥിയായി അന്നു രാ ത്രി അവിടെ താമസിച്ചു.

ഞങ്ങളുടെ ഗൃഹത്തിനു നാലു മുറികൾ ഉണ്ടു്. ഒ ന്നു് അടുക്കളയും വേറൊന്നു കലവറയും ആണു്. ശേ ഷിച്ച രണ്ടു മുറികളും ഒരുവിധം തരക്കേടില്ല എന്നു പറയാം. അവയിൽ ഒന്നു് അതിഥിയുടെ കിടപ്പി നു് ഒഴിഞ്ഞുകൊടുത്തു. ഞങ്ങളാൽ കഴിയുന്ന വിധം ആതിഥ്യവും ചെയ്തു. പിറേറ ദിവസം നേരം പുല ന്നപ്പോൾ കേട്ടതു് അതിഥിക്കു "നല്ല സുഖമില്ല" എ ന്നാണു്. അന്നും അദ്ദേഹം തിരിച്ചു പോകുകയുണ്ടാ യില്ല. ക്രമേണ ഒരു ദിവസത്തിനുപകരം ഒരാഴ്ചകഴി ഞ്ഞു. എന്തിനു്, ചുരുക്കത്തിൽ, മിക്കവാറും ഒരു മാ സംതന്നെ രോഗിയായ അതിഥി ഞങ്ങളുടെ ഗൃഹ ത്തിൽ കഴിച്ചുകൂട്ടി."

ഈ ഭാഗത്തിലെത്തിയപ്പോൾ യമുനയുടെ വി ഷണ്ണമുഖത്തിൽ അസ്വാഭാവികമായ ഒരു ദീപ്തി പ്ര കാശിച്ചു. അതു്, അന്ധകാരപൂർണ്ണമായ ജീവിതത്തി ലെ ആനന്ദമയമായ ഏതോ ഒരു ഭാഗത്തെ സ്മരിച്ചു

തിൻെറ ഫലമാണെന്ന് എനിക്കു തോന്നി. സ്വല്പ്പ നേരം മിണ്ടാതിരുന്നതിനുശേഷം, യമുന ബാഷ്പപൂർണ്ണങ്ങളായ നേത്രങ്ങളാൽ എന്നെ നോക്കിക്കൊണ്ടു് വീണ്ടും പറഞ്ഞു തുടങ്ങി.

"ചേച്ചീ, ആ ദിവസങ്ങൾക്കുശേഷം ഞാൻ എന്തിനു ജീവിച്ചിരുന്നു? ദിവസംതോറും മററു ജോലികൾക്കിടയിലും, അവയെ നിറുത്തിവെച്ച്, അതിഥിയെ കാണുവാൻ ചെല്ലുമ്പോൾ, പ്രതിദിനം ശ്രദ്ധയോടെ അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന എനിക്ക്, അദ്ദേഹത്തിൻെറ മുഖത്തിൽ ആരോഗ്യലാഭത്തിൻെറ ചിഹ്നമായ പ്രസന്നത കണ്ടിട്ടുണ്ടാകാറുള്ള അപരിമിതമായ ആനന്ദം അവസാനിച്ചുപോകുന്നതിനു മുൻപിൽതന്നെ ഞാൻ എന്തുകൊണ്ടു മരിച്ചില്ല? പതിവായി കാണ്മാൻ ചെല്ലുന്ന അവസരങ്ങളിലെല്ലാം അദ്ദേഹത്തിൻെറ സതൃഷ്ണനയനങ്ങളിൽ സ്ഫുരിച്ചിരുന്ന ഗാഢമായ ഔൽസുക്യം കാണുമ്പോൾ ഞാൻ അറിയാതെ തന്നെ എൻെറ ഹൃദയമർമ്മങ്ങൾ അദ്ദേഹത്തിൻെറ യാതൊരു സ്നേഹത്തെ അനുഭവിച്ചുകൊണ്ടിരുന്നുവോ, യാതൊരു സ്നേഹം അദ്ദേഹത്തിൻെറ പാവനഭാവത്തെ പ്രകാശിപ്പിച്ചുവോ ആ സ്നേഹത്തിലും ആ പവിത്രതയിലും വിശ്വസിച്ചുകൊണ്ടിരിക്കെത്തന്നെ ഞാൻ എന്തുകൊണ്ടു മരിച്ചുപോയില്ല?"

യമുന പെട്ടെന്നു നിറുത്തി. അസഹ്യമായ ഹൃദയവേദന അവളുടെ ശ്വാസോച്ഛ്വാസത്തെ പ്രതിബന്ധിച്ചു. മഴ അപ്പോഴും പെയ്തുകൊണ്ടിരുന്നു. മിന്ന

ലും കൂടെക്കൂടെ പ്രകാശിച്ചിരുന്നു. നദി അതിശക്തിയോടെ ഇളകിമറിഞ്ഞു തുടങ്ങി. ഞങ്ങൾ രണ്ടുപേരും നിസ്തബ്ധരായി അവിടെ ഇരുന്നു.

അവൾ വീണ്ടും തുടൎന്നു:—"അതിഥിക്കു പൂൎണ്ണസുഖം ലഭിച്ചു. അദ്ദേഹത്തിനു പോകുന്ന കാൎയ്യത്തിൽ മററു തടസ്സമൊന്നുമുണ്ടായിരുന്നില്ല. മൂന്നുനാലു ദിവസത്തിനകം അദ്ദേഹം പോകും എന്നു ദിവസംതോറും ഞാൻ കേട്ടുകൊണ്ടിരുന്നു. എന്നാൽ ആ "മൂന്നുനാലു ദിവസങ്ങൾ" ഒരിക്കലും അവസാനിച്ചില്ല. ഒരുദിവസം ഞാൻ അമ്മ കിടന്നിരുന്നതിനടുത്ത മുറിയിൽ എന്തോ ജോലി ചെയ്തുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ മ:ററ മുറിയിൽ നടക്കുന്ന സംഭാഷണത്തിൻെറ ഒരുഭാഗം യദൃച്ഛയാ എൻെറ ചെവിയിൽപ്പെട്ടു: "എൻെറ സ്ഥിതി അൽപ്പമൊന്നാലോചിച്ചു നോക്കൂ. നിങ്ങളെപ്പോലെ ഞാനും ഒരു കായസ്ഥകുലത്തിൽ ജനിച്ചവനാണു്. എനിക്കു സ്വത്തുമുണ്ടു്. നിങ്ങളുടെ പുത്രിയെ ഞാൻ ജീവനിഌിശേഷം സ്നേഹിക്കയുംചെയ്യുന്നു........"

ഈ അവസരത്തിൽ എൻെറ സഖിയായ കുസുമം വന്നു് എന്നെ വിളിക്കുകയാൽ ശേഷമൊന്നും കേൾക്കുവാൻ എനിക്കു സാധിച്ചില്ല. അവൾ ഗൃഹത്തിനുള്ളിൽ കടന്നു് ഇതെല്ലാം കേട്ടുകളഞ്ഞാലോ എന്നു ഭയന്നു ഞാൻ വേഗം മുറിക്കുവെളിയിൽ ചെന്നു അവളെ കണ്ടു.

അന്നുതന്നെ കുസുമത്തിൻെറ ഗൃഹത്തിൽ നിന്നു മടങ്ങി വന്നപ്പോൾ അതിഥിക്കു എന്നെ വിവാഹം ചെയ്തുകൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു ഞാൻ കേട്ടു.

രാത്രി മുഴുവൻ അന്ന് എനിക്ക് ഉറക്കമുണ്ടായില്ല. "വിവാഹം" എന്നാൽ എന്തെന്ന് അക്കാലത്ത് എനിക്ക് ശരിയായി അറിഞ്ഞുകൂടായിരുന്നു. എങ്കിലും ഇത്രമാത്രം ഞാൻ ഗ്രഹിച്ചിരുന്നു:– അതിഥി മേലാൽ ഞങ്ങളെ വിട്ടു പോകയില്ല. അദ്ദേഹം ഞങ്ങളുടെ സ്വന്തമായിത്തീരും. ഈ സമ്മേളനത്താലുണ്ടാകുന്ന ആനന്ദത്തെ അനുഭവിക്കുന്നതിൽ നേരിടുന്ന കാലവിളംബം അത്യന്തം ദുസ്സഹമായിട്ട് എനിക്കു തോന്നി. മനസ്സ് സന്തോഷത്താൽ ഇളകിയിരുന്നതുകൊണ്ടോ ചിന്തയാൽ ആകുലമായിരുന്നതു കൊണ്ടോ എന്തോ എല്ലാ രാത്രിയും ഞാൻ ഉറക്കം കൂടാതെ തന്നെ കഴിച്ചുകൂട്ടി. സ്വല്പദിവസത്തിനിടക്കു ഞങ്ങളുടെ വിവാഹവും നടന്നു. അമ്മ ജീവധാരണം ചെയ്തുകൊണ്ടിരുന്നതു് എന്നെ വിവാഹിതയായി കാണ്മാൻ വേണ്ടി മാത്രമാണ് എന്നു തോന്നുമാറു വിവാഹം നടന്നു് ഏതാനും ദിവസങ്ങൾ കഴിഞ്ഞയുടനേ ആ പുണ്യവതി ഇഹലോകവാസം വെടിഞ്ഞു. ഇപ്രകാരം ഭർത്താവിൻെറ പ്രേമം ലഭിക്കുവാൻ ഇടയായപ്പോൾ വാത്സല്യമൂർത്തിയായ മാതാവിൻെറ നിസ്സീമമായ സ്നേഹം എനിക്കു നഷ്ടപ്പെട്ടു.

# മൂന്നു്

ശ്വശുരഗൃഹത്തിൽ പോകാനുള്ള യോഗം എനിക്കു ലഭിച്ചു. ആദ്യം ഭർത്താവു തനിയേ ഗൃഹത്തിൽ പ്പോകുവാനാണു് ആഗ്രഹിച്ചതു്. എങ്കിലും, ഞാൻ വിസമ്മതഭാവം പ്രദർശിപ്പിച്ചതിനാൽ ഒടുവിൽ കൂടെ എന്നെയും കൊണ്ടുപോകാമെന്നു് അദ്ദേഹം സമ്മതിച്ചു

ഭർത്തൃഗൃഹത്തിലേക്കു പോകുന്നതു് ഒരു നവവധുവിനു് എത്രമാത്രം ആഹ്ലാദപ്രദമായ ഒരു കാൎയ്യമാണു്. വധുവിനെ കാണുമ്പോൾ ശ്വശ്രുവിനു് അപരിമിതമായ ആനന്ദമുണ്ടാകും. നഷ്ടമായ മാതൃസ്നേഹം അവരിൽനിന്നു നിശ്ചയമായിട്ടും എനിക്കു ലഭിക്കും. എന്നെ കാണുന്ന ഉടനെ ഭർത്താവിൻെറ സഹോദരീസഹോദരന്മാരായ ചെറിയ കുട്ടികൾ ഓടിവന്നു എൻെറ ചുററും കൂടിനില്ക്കും. എനിക്കു സ്വന്തം സഹോദരീസഹോദരന്മാർ ഇല്ലാത്ത ന്യൂനതയെ അവർമൂലം പരിഹരിക്കുവാൻ എനിക്കു സാധിക്കും. ഗുരുജനങ്ങളുടെ ആശീൎവ്വാദങ്ങൾക്കും പരിജനങ്ങളുടെ ആനന്ദത്തിനും ഇടയ്ക്കു്, പ്രേമമയനായ പ്രാണനാഥനൊന്നിച്ചു്, ആ നൂതനകുടുംബത്തിൽ ഞാൻ പ്രവേശിക്കയും ചെയ്യും. അഹോ! ആ അവസരത്തിൽ ആത്മാവിനുണ്ടാകുന്ന ആനന്ദവും മനസ്സിലുണ്ടാകുന്ന സംതൃപ്തിയും എത്രമാത്രമായിരിക്കും—പല്ലക്കിനുള്ളിലിരുന്നു യാത്രചെയ്യുമ്പോൾ വഴിനീളെ എൻെറ മനസ്സി

ല്ലുണ്ടായിക്കൊണ്ടിരുന്ന വിചാരങ്ങൾ ഇതെല്ലാമായിരുന്നു. പല്ലക്കിൽനിന്നു് ഇറങ്ങുന്ന അവസരത്തിൽ ഭർത്താവിനോടു് എന്തെല്ലാമാണു് ചോദിക്കേണ്ടതെന്നുള്ള ആലോചനയാൽ മനസ്സിനെ ഞാൻ അലട്ടിക്കൊണ്ടിരുന്നു. എന്നാൽ ഇടയ്ക്കിടയ്ക്കു് പല്ലക്കിൽനിന്നു ഇറങ്ങേണ്ടിവരുമ്പോൾ അതുവരെയുള്ള എന്റെ ആശകളെല്ലാം പെട്ടെന്നുദിക്കുന്ന ക്ഷണസ്ഥായിയായ ഒരു നിരാശക്കുള്ളിൽ മറഞ്ഞുപോകും. എന്റെ ഹൃദയത്തിലെ ആനന്ദം അൽപംപോലും ഭർത്തൃമുഖത്തിൽ പ്രതിഫലിച്ചുകാണ്മാൻ എനിക്കു കഴിഞ്ഞില്ല. അതിനുപകരം അവിടെ കാണപ്പെട്ടിരുന്നതു് അസ്വാഭാവികമായ ഒരു ഗാംഭീര്യമത്രെ ഈ വിധം ആശയും നിരാശയും, സുഖവും ദുഃഖവും ഇടകലർന്നുള്ള ആ യാത്രയിൽ എട്ടുദിവസം കഴിഞ്ഞു് ഒൻപതാംദിവസം കാലത്തു്, അന്നു സന്ധ്യക്കുമുൻപായി ഗൃഹത്തിലെത്തും എന്നു ഞാൻ കേട്ടു. മനസ്സ് ആഹ്ലാദംകൊണ്ടു് നിറഞ്ഞു. വൈകുന്നേരമായപ്പോൾ പറഞ്ഞതുപോലെതന്നെ ഞങ്ങൾ ഗ്രാമസമീപത്തിലെത്തി. പല്ലക്കു നിറുത്തി അവിടെവെച്ചുതന്നെ പോണ്ടന്മാരെ പല്ലക്കുസഹിതം പിരിച്ചയച്ചു. "ഗൃഹം വളരെ അടുത്താണു്. സന്ധ്യ മയങ്ങുന്നതിനുമുമ്പായി നടന്നുതന്നെ നമുക്കു് അവിടെ എത്താം എന്നു് അദ്ദേഹം പറഞ്ഞു. കഷ്ടം! നവവധു ശ്വശുരഗൃഹത്തിലേക്കു് നടന്നുപോവുകയോ! അതെന്റെ ചെവിക്കു പുത്തരിയായിരുന്നു. എനിക്കു സാമാന്യത്തിലധികം ലജ്ജയുണ്ടായി. അതു് ഏതായാലും നന്നല്ലെന്നു് എന്റെ

മനസ്സിൽ തോന്നി. എന്റെ മനോഭാവത്തെ അദ്ദേഹത്തോട് തുറന്നു പറയുവാൻതന്നെ ഞാൻ തുനിഞ്ഞു. പക്ഷെ, ഞാൻ പറയുന്നതിനു മുൻപായി അദ്ദേഹം ചിരിച്ചുകൊണ്ടു നടന്നുകഴിഞ്ഞു.

വർഷകാലത്തിലെ അപരാഹ്നമായിരുന്നതിനാൽ കണ്ണടച്ചുതുറക്കുന്നതിനു മുൻപു സൂര്യപ്രകാശം സന്ധ്യാമയക്കത്തോട് സമ്മിശ്രമായിത്തീർന്നു. അല്പനിമിഷങ്ങൾക്കുള്ളിൽ നാലു ദിക്കുകളും മങ്ങിയ ഒരു പ്രഭയാൽ മൂടപ്പെട്ടു. നിർജ്ജനമായ ഒരു മാർഗ്ഗത്തിൽക്കൂടെ ഭർത്താവിനെ ഞാൻ അനുഗമിച്ചുകൊണ്ടിരുന്നു. സന്ധ്യക്ക് അല്പം മുൻപായിട്ട് ചെടികളും വള്ളികളും നിറഞ്ഞ ഒരു ചെറിയ കാട്ടുപ്രദേശത്തിൽ ഞങ്ങൾ ചെന്നെത്തി. പുറമേയുള്ള അല്പമായ പ്രകാശവും പെട്ടെന്ന് ഒരു അന്ധകാരത്താൽ ആച്ഛന്നമായി. എന്റെ ഹൃദയം വിറച്ചു. “ഇതാണു ഞങ്ങളുടെ ഗൃഹം” എന്ന് അദ്ദേഹം പറയുന്നതു ഞാൻ കേട്ടു

കിടുകിടെ വിറക്കുന്ന ഹൃദയത്തോടുകൂടി ഞാൻ തലയുയർത്തിനോക്കി. ഇഷ്ടിക കൊണ്ടു ണ്ടാക്കീട്ടുള്ള ഒരു ഗൃഹം എന്റെ ദൃഷ്ടിയിൽപ്പെട്ടു. ആ സന്ധ്യാന്ധകാരത്തിൽ ഞാൻ അതിനുള്ളിലേക്കു കടന്നുചെന്നു. നടുമുററത്ത് എത്തിയ ഉടനെ, “നീ ഇവിടെത്തന്നെ നില്ക്കൂ; ഞാൻ ഇതാ വന്നുകഴിഞ്ഞു” എന്നു പറഞ്ഞു ഭർത്താവ് എന്റെ ഗതിയെ തടുത്തു.

അദ്ദേഹം വേഗത്തിൽ അവിടെ നിന്നു നടന്നു പോയി. ഇരുട്ടടഞ്ഞ ആ അപരിചിതസ്ഥലത്ത് അ

ജ്ഞേയമായ ഒരു അന്ധകാരത്തെ ഹൃദയത്തിൽ വഹിച്ചുകൊണ്ടു് ഏകാകിനിയായി ഞാൻ നിൽപ്പായി. അൽപ്പം കഴിഞ്ഞപ്പോൾ കയ്യിൽ വിളക്കുമായി ഒരു സ്ത്രീ എൻെറ നേരെ വരുന്നതു കണ്ടു. ഭർത്തൃമാതാവു് എന്നെ സല്ക്കരിച്ചു കൂട്ടിക്കൊണ്ടു പോകുവാൻ വരികയാണെന്നു ഞാൻ വിചാരിച്ചു. എൻെറ ദേഹമാസകലം കോൾമയിർക്കൊണ്ടു. മൂടുപടം കൊണ്ടു മുഖം നല്ലവണ്ണം മറച്ചു. ആ സ്ത്രീ അടുത്തുവന്നിട്ടു് ഇങ്ങനെയാണു പറഞ്ഞതു്:— "ഇതു് ഒരു പുത്തൻദാസിയാണല്ലൊ. ദാസികൾക്കു് ഇത്രയൊക്കെ മൂടുപടം ധരിക്കേണ്ട ആവശ്യമെന്തു്?"

ഞാൻ കേട്ടതെന്താണെന്നു് എനിക്കു് ഒട്ടും മനസ്സിലായില്ല. ഒരു ഇടിനാദം "ഝൽ—ഝൽ" എന്നു ശബ്ദിച്ചു, മർമ്മങ്ങളെ ഭേദിച്ചുകൊണ്ടു് എൻെറ ശിരസ്സിനുള്ളിൽ കൂടെ പാഞ്ഞുപോയതായി എനിക്കു തോന്നി. ഗൃഹവും സമീപപ്രദേശങ്ങളുമെല്ലാം അതിവേഗത്തിൽ കറങ്ങിത്തുടങ്ങി—ഞാൻ മൂർച്ഛിതയായി നിലംപതിച്ചു.

ആഗ്രഹിക്കുന്നതു മനുഷ്യർക്കു ലഭിക്കുന്നില്ല. ലഭിക്കുന്നതിൽ അവർക്കു് ആഗ്രഹവുമില്ല. പ്രജ്ഞ ലഭിക്കുവാൻ എനിക്കു് അൽപ്പവും ആഗ്രഹമില്ലായിരുന്നു. എന്നാൽ സംഭവിച്ചതു് അങ്ങനെയല്ല. ഞാൻ മോഹാലസ്യത്തിൽ നിന്നുണർന്നു പരിചയമില്ലാത്ത ഒരു ചെറിയ മുറിയിൽ ഒരു മുഷിഞ്ഞ കിടക്കയിൽ ഏകാകിനിയായി ഞാൻ കിടന്നിരുന്നു. എൻെറ പ്രാണ

43|21

ൻ പിടച്ചു. സംഭ്രമത്തോടുകൂടി ഞാൻ നാലുപുറവും നോക്കി. കാണ്മാൻ കൊതിച്ച ആളെ ഞാൻ അവിടെ എങ്ങും കണ്ടില്ല. എഴുന്നേററിരിപ്പാൻ ശ്രമിച്ചു നോക്കി. തല കറങ്ങിത്തുടങ്ങി. കരഞ്ഞുകൊണ്ടു വീണ്ടും ഞാൻ അവിടെത്തന്നെ കിടന്നു. കുറേക്കഴിഞ്ഞപ്പോൾ ഒരു സ്ത്രീ വന്ന് എന്റെ അടുത്തിരുന്നു. മോഹാലസ്യം ശമിച്ചതിലുള്ള സന്തോഷത്തെ പ്രകാശിപ്പിച്ചുകൊണ്ട് ആ സ്ത്രീ സംഭാഷണം തുടങ്ങി. അറിയേണ്ടതെല്ലാം ഞാൻ അറിഞ്ഞു. അന്നുമുതൽ മൂന്നുനാലു ദിവസത്തേക്കു ഞാൻ സുഖമില്ലാതെ കിടപ്പിലായി. അതിനിടക്കു വസ്തുതകളെല്ലാം വിശദമായി ആ സ്ത്രീയിൽ നിന്ന് അറിവാൻ എനിക്കു സാധിച്ചു. അവളെപ്പോലെ ഞാനും ഒരു ദാസിയാണ്. അതല്ലാതെ മറെറാരധികാരവും എനിക്ക് അവിടെ ഇല്ല. ഭർത്താവു ജാതിയിൽ "കവിരാജ"നാണ്. ഞാനാകട്ടെ കായസ്ഥ. അദ്ദേഹവുമായിട്ടുള്ള എന്റെ വിവാഹം വിവാഹമേയല്ല. ആദ്യത്തെ ദിവസം രാത്രി എന്നെ "ദാസി" എന്നു വിളിച്ച സ്ത്രീയത്രേ ഭർത്താവിന്റെ പരിണീതയായ പത്നി. എല്ലാം കേട്ടു; എല്ലാം അറിയുകയും ചെയ്തു. മരണത്തേക്കാൾ ദുസ്സഹമായ വേദന ഞാൻ അനുഭവിച്ചു. കഷ്ടം! എങ്കിലും ഞാൻ മരിച്ചില്ല. എന്നുതന്നെയുമല്ല ആരോഗ്യം ഉണ്ടാകുകയും ചെയ്തു! ക്രമേണ എഴുന്നേററിരിക്കുവാനും നടക്കുവാനുമുള്ള ശക്തി എനിക്കു ലഭിച്ചു. വല്ലവിധത്തിലും അവിടെനിന്നു കടന്നുകളയുവാൻ ഞാൻ തക്കം നോക്കിത്തുടങ്ങി.

ഒരു ദിവസം അർദ്ധരാത്രിസമയത്തു വീട്ടുകാരെല്ലാം കിടന്നുറങ്ങുമ്പോൾ ഞാൻ തനിച്ചു് അവിടെനിന്നും പുറപ്പെട്ടു നടന്നുകളഞ്ഞു. കുററിക്കാടെല്ലാം കടന്നു് ഒരു തുറന്ന സ്ഥലത്തെത്തിയപ്പോൾ അവിടെ ഒരു മാവിൻെറ ചുവട്ടിൽ ഇരുന്നു് ഞാൻ കുറെ വിശ്രമിച്ചു. അപ്പോഴും അധികം വഴി നടക്കുവാൻ തക്ക ബലം എൻെറ ദേഹത്തിനില്ലായിരുന്നു. നാലുപുറവും നിസ്തബ്ധം. ഇടക്കിടക്കു് അകലെയുള്ള ഒരു മരക്കൂട്ടത്തിൽനിന്നു് ഒരു മൂങ്ങയുടെ മൂളൽമാത്രം കേൾക്കാനുണ്ടു്. കാററു് അപ്പോഴപ്പോഴായി "സോം" "സോം" എന്നു ശബ്ദിച്ചുകൊണ്ടു് വീശുകയും ഉടനെ ശമിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഞാൻ കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരുന്നതെല്ലാം എൻെറ ഹൃദയത്തിൽ അസാമാന്യമായ ഭയത്തെ ജനിപ്പിച്ചു. നാലുപുറവും എന്തു ശൂന്യത! എന്തു അന്ധകാരം! എനിക്കു തുണയായി മററാരുമില്ല: ഒന്നുമില്ല. ഈ അപാരസംസാരത്തിൽ ഞാൻ ഏകാകിനിയായിത്തീന്നു—എടീ ശുദ്ധഗതിക്കാരിപ്പെണ്ണേ! ഭൂമിയിൽ ഇനി ആരും ആരേയും വിശ്വസിക്കയില്ല! സ്നേഹിക്കുകയുമില്ല! ലോകത്തിലെല്ലാവരും ഇതുപോലെ വഞ്ചകരെന്നോ നീ വിചാരിക്കുന്നതു്? പുരുഷന്മാരെല്ലാവരും വിശ്വസ്തഹൃദയരായ ബാലികകളെ ഇപ്രകാരം ചതിച്ചു് അവരുടെ ജീവിതത്തെ മലിനമാക്കി സുഖമനുഭവിക്കുന്നവരോ? ഇതാണോ പ്രപഞ്ചനിയമം!

സമീപത്തിൽ അപ്പോൾ ആരേയാണു ഞാൻ കണ്ടതു! അന്നു രാത്രി കണ്ടതിനുശേഷം ഇതു് ആദ്യ

ത്തെ കാഴ്ചയാണു് എൻെറ ശരീരമെല്ലാം വിറച്ചു. "ഇതു് അദ്ദേഹംതന്നെയോ? കരുണാമയനായ നാഥനെന്നു കരുതി ആരുടെ പാദതലങ്ങളിൽ എൻെറ സർവ്വസ്വവും ഞാൻ സമർപ്പിച്ചുവോ ആ ദേവത തന്നെയോ എൻെറ വഞ്ചകനായിട്ടു് ഇന്നെൻെറ മുൻപിൽ നില്ക്കുന്നതു്?" എന്നോർത്തു ഞാൻ വിസ്മയിച്ചു. അതേ ആ കരുണാമൂർത്തിയായ പ്രാണനാഥൻ തന്നെ—പിന്നീടു് എൻെറ പ്രാണഹന്താവായിത്തീർന്ന പ്രാണനാഥൻ തന്നെ—ആയിരുന്നു അതു്.

അദ്ദേഹം എൻെറ അടുക്കലേക്കു നീങ്ങിനിന്നു് ഇപ്രകാരം പറഞ്ഞു:— "യമുനേ! എനിക്കു മാപ്പു തരിക. ഞാൻ നിന്നെ വേറെ ഒരു സ്ഥലത്തുകൊണ്ടു പോയി താമസിപ്പിക്കാം. നിന്നെ ഇവിടേക്കു കൊണ്ടുവന്നതു് അന്യായമായിപ്പോയി. അതിൽപ്പിന്നീടു് നിന്നെ കാണുന്നതിനുപോലും എനിക്കു സൌകര്യമുണ്ടായില്ല."

എൻെറ സർവ്വാംഗവും ജ്വലിച്ചു. ഇവിടെകൊണ്ടു വന്നതുമാത്രമേ അന്യായമായുള്ളു. മറെറാന്നും അന്യായമല്ല!! എൻെറ തോളിൽ കൈവെക്കുവാനായി അദ്ദേഹം തുനിഞ്ഞു. ഞാൻ മിന്നൽപോലെ പെട്ടെന്നു മാറി ഒഴിഞ്ഞുനിന്നുകൊണ്ടു് തീവ്രസ്വരത്തിൽ കോപത്തോടെ ഇങ്ങനെ പറഞ്ഞു:— "എന്നെ തൊടണ്ട. അങ്ങു് എൻെറ ഭർത്താവാണു്; പക്ഷെ ഞാൻ അങ്ങയുടെ പത്നിയല്ല. എന്നെ തൊടരുതു." അദ്ദേഹം നിന്ന നിലയിൽത്തന്നെ നിൽപായി. ഞാൻ വേ

ഗത്തിൽ അവിടെനിന്നു നടന്നുകളഞ്ഞു. എന്നാൽ ഭർത്താവു് എന്നെ പിന്തുടൎന്നില്ല. അതിനുശേഷം ഞാൻ ഇവിടെ വന്നുചേൎന്നു."

## നാലു്

യമുന തന്റെ കഥ പറഞ്ഞവസാനിപ്പിച്ചു. മഴയുടെ ഊക്കും മിക്കവാറും ശമിച്ചു. എന്നാൽ ആകാശമാകട്ടെ ഞങ്ങളുടെ ഹൃദയംപോലെ അപ്പോഴും മേഘച്ഛന്നമായിരുന്നു. ഇരുട്ടടഞ്ഞ ഹൃദയത്തോടുകൂടി ആ ഇരുട്ടടഞ്ഞ ആകാശത്തിലേക്കു നോക്കിക്കൊണ്ടു ഞങ്ങൾ രണ്ടുപേരും നിസ്തബ്ധരായി പിന്നെയും അവിടെത്തന്നെ ഇരുന്നു. സ്വല്പം കഴിഞ്ഞപ്പോൾ അയൽവീട്ടിലെ കാളിന്ദി കുടവുമായി കടവിൽ വരികയുണ്ടായി. ഞങ്ങളെക്കണ്ടപ്പോൾ "എന്താണു് ഇങ്ങനെ രണ്ടുപേരും ഇരുന്നു സ്വകാൎയ്യമായി ആലോചിക്കുന്നതു്?" എന്നു് അവൾ കളിയായി ചോദിച്ചു. ഞാൻ ഉടനെ എഴുനേററു്, "വീട്ടിലേക്കു പോകാം, വരു", എന്നു യമുനയോടു പറഞ്ഞു.

രണ്ടുപേരും നദീതീരത്തിൽ നിന്നു തിരിച്ചു് അഞ്ചാറടി നടന്നപ്പോൾ ഞങ്ങളുടെ വേലക്കാരിപ്പെണ്ണു ഞങ്ങൾക്കഭിമുഖമായി വരുന്നതു കണ്ടു. അടുത്തുവന്നിട്ടു് "അമ്മേ, യമുനക്കൊച്ചമ്മയുടെ നാട്ടിൽനിന്നു് ഒരാൾ വന്നു കാത്തുനില്ക്കുന്നു. അയാൾക്കു കൊച്ചമ്മയെ കാണണംപോലും." എന്നിങ്ങനെ തന്റെ വരവിന്റെ കാരണത്തെ അവൾ അറിയിച്ചു

"യമുനയുടെ നാട്ടുകാരനോ!" യമുന അത്യന്തം വിസ്മയിച്ചു. ഞങ്ങൾ വേഗത്തിൽ നടന്നു. വീട്ടിന്നു് ഏകദേശം അടുത്തെത്തിയപ്പോൾ അവൾ സ്വല്പം അകലെയുള്ള ഒരു മരത്തിന്റെ ചുവട്ടിലേക്കു വിരൽ ചൂണ്ടിക്കാണിച്ചു. യമുനയുടെ മുഖം പെട്ടെന്നു വിളറി. അവൾ സ്തംഭംപോലെ അവിടെ നിന്നു. മരത്തിന്റെ ചുവട്ടിൽ നിന്നു് ഒരു പുരുഷൻ ഞങ്ങൾ നില്ക്കുന്ന സ്ഥലത്തേക്കു വരുന്നതുകണ്ടു് ഞാൻ ഒഴിഞ്ഞുമാറി. ആഗതൻ യമുനയുടെ അടുക്കൽവന്നു നിന്നു. വെട്ടേററ മരംപോലെ പെട്ടെന്നു യമുന അയാളുടെ കാല്ക്കൽ വീണുപോയി.

അയാൾ യമുനയുടെ ഭർത്താവല്ലാതെ മററാരുമായിരുന്നില്ല. യമുന അവിടെ ഉണ്ടെന്നറിഞ്ഞു് അവളെ കൂട്ടിക്കൊണ്ടുപോകുവാൻ വന്നിരിക്കയായിരുന്നു അയാൾ. അവളുടെ സൗന്ദര്യം കണ്ടിട്ടു് അയാളുടെ ഹൃദയത്തിൽ അങ്കുരിച്ച മോഹാഗ്നി അപ്പോഴും ശമിച്ചിരുന്നില്ല. അയാളുടെ കൂടെ പോകുന്ന കാര്യത്തിൽ യമുന ആദ്യം ഒരുവിധത്തിലും വഴിപ്പെട്ടില്ല. പക്ഷെ, അയാൾ വളരെ നിർബ്ബന്ധമായിട്ടുതന്നെ കൂടി. അവൾ തന്റെ കൂടെ പോരാത്ത പക്ഷം താനും അവിടെനിന്നു മടങ്ങിപ്പോകയില്ല എന്നു് അയാൾ ശഠിച്ചു. മൂന്നു നാലു ദിവസങ്ങൾ ഇങ്ങനെ കഴിഞ്ഞു. അയാൾ പറഞ്ഞതുപോലെ അവിടെ നിന്നു പോകയുണ്ടായില്ല. ഒടുവിൽ യമുന അയാളൊന്നിച്ചു പോരാമെന്നു സമ്മതിച്ചു. എന്നാൽ പോകുന്നതിന്നു മുമ്പായിട്ടു്, തന്നെ

പ്രത്യേകം ഒരു ഗൃഹത്തിൽ താമസിപ്പിക്കാമെന്നും തന്നോടുള്ള പെരുമാററങ്ങൾ എല്ലാം "പരസ്ത്രീ" എന്ന നിലയിൽ ആകാമെന്നും തൻെറ ഭത്താവിനെക്കൊണ്ടു് അവൾ സമ്മതിപ്പിച്ചു.

## അഞ്ച്

യമുന ഞങ്ങളെ വിട്ടുപിരിഞ്ഞിട്ടു് അധികം നാളായി. എങ്കിലും അവളെ മറന്നുകളയുവാൻ എനിക്കു കഴിഞ്ഞില്ല. ഏതു സ്ഥലത്തു വെച്ചും അവളെപ്പററിയുള്ള സ്മൃതി എൻെറ മനസ്സിൽ ഉണ്ടായിക്കൊണ്ടിരുന്നു. സുഖദുഃഖങ്ങളിൽ എപ്പോഴും അവൾ ഞങ്ങളോടു പങ്കുകൊണ്ടിരുന്നതിനാൽ അങ്ങനെയുള്ള അവസരങ്ങളിൽ പ്രത്യേകിച്ചും അവളുടെ ഓമ്മ ഞങ്ങൾക്കുണ്ടാവുക പതിവായിരുന്നു അങ്ങനെയിരിക്കേ എൻെറ ചെറിയ കുട്ടി കുറേദിവസത്തേക്കു സുഖമില്ലാതെ കിടപ്പിലായി. ഞാൻ അരികെയിരുന്നു് ശുശ്രൂഷിച്ചുകൊണ്ടിരിയ്ക്കുമ്പോഴെല്ലാം ക്രമേണ യമുനയെപ്പററിയുള്ള ചിന്തകൊണ്ടു് എൻെറ മനസ്സു നിറയും. ഗോപാലൻ അവളുടെ കണ്ണിലുണ്ണിയായിരുന്നു. അവളുടെ മടിയിൽ കിടന്നിട്ടാണു് ഉണ്ണി വളന്നതു്. "യമുന ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ കുഞ്ഞിനു വേണ്ടി എത്ര മാത്രം ബുദ്ധിമുട്ടുമായിരുന്നു!" എന്നു ഞാൻ പലപ്പോഴും വിചാരിക്കും. ഒരു ദിവസം ഞാൻ ഇപ്രകാരമുള്ള ചിന്തക്കു് അധീനയായിരിക്കുമ്പോൾ വേലക്കാരിപ്പെണ്ണു് അവിടെ കടന്നുവന്നു്

എൻെറ ചിന്തയെ മുടക്കി അവൾ പറഞ്ഞു:– "അമ്മേ! കുഞ്ഞിൻെറ സുഖക്കേട്ട് ഇന്നിയും ഭേദമായിട്ടില്ലല്ലോ. ശ്മശാനത്തിൽ ഒരു സന്യാസിനി വന്നിട്ടുണ്ടെന്നു ഞാൻ കേട്ടു അനേകതരത്തിലുള്ള മന്ത്രതന്ത്രങ്ങൾ അവക്കു് അറിയാം പോലും. അവരുടെ അടുക്കൽ ഒന്നു പോയി നോക്കിയാൽ എന്താണു്?"

കാര്യം കൊള്ളാമെന്നു് എനിക്കും തോന്നി. വൈകുന്നേരം തന്നെ ഞാൻ അവളോടൊന്നിച്ച് സന്യാസിനിയെ കാണ്മാൻ പോകയുണ്ടായി

നദീതീരത്തിലുള്ള ശ്മശാനത്തിൽ ഞങ്ങൾ എത്തി, അവിടെയുള്ള ഒരു ശവകുടീരത്തിൽ ജടാഭാരവാഹിനിയായ ഒരു വിഷണ്ണഗംഭീരമൂത്തി ഇരുന്നിരുന്നു. എൻെറ ഹൃദയം ആ ദർശനത്തിൽ സ്തംഭിച്ചുപോയി. ഭക്തിപൂർവ്വം ആ മൂത്തിയെ നമസ്കരിക്കുവാൻ ഞാൻ തുനിഞ്ഞു. പക്ഷേ ഭൂസ്പർശം ചെയ്യുന്നതിനു മുൻപായിട്ടു് സന്യാസിനി എൻെറ കൈക്കു കടന്നു പിടിച്ചു് എന്നെ എഴുന്നേല്പിച്ചു. നിർബ്ബന്ധമായി ഞാൻ മുഖത്തേക്കു് ഒന്നു നോക്കി. അഹോ! ജടാഭാരത്താൽ ആക്രാന്തമായും മലിനമായും ഗംഭീരമായും ഇരുന്ന ആ അസാധാരണ മുഖത്തിൽ ആരുടെ ഛായയാണു് ഞാൻ കണ്ടതു്! ഛീ! ആ ആളെ ഈ സ്ഥലത്തു കാണ്മാൻ ഒരു മാർഗ്ഗവമില്ല എന്നു് എൻെറ മനസ്സ് ഉടനെ എതിർവാദം ചെയ്തു. എൻെറ ആകുലഭാവത്തെക്കണ്ടപ്പോൾ സന്യാസിനിയുടെ അധരങ്ങളിൽ ഒരു പുഞ്ചിരിയുടെ ലാഞ്ചന സ്ഫുരിച്ചു "യമുന" എന്നു

പെട്ടെന്നു് ഞാൻ ഉച്ചരിച്ചുപോയി. യമുനയുടെ കണ്ണിൽനിന്നു് ഒന്നുരണ്ടു് അശ്രുബിന്ദുക്കൾ ഭൂമിയിൽ പതിച്ചു. ഞാൻ ഉടനേചെന്നു് അവളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞു ഞാൻ അവളുടെ മുഖത്തേക്കു വീണ്ടും നോക്കി. നേത്രങ്ങൾ അശ്രുകൊണ്ടു നിറഞ്ഞിരുന്നു. "യമുനേ! നിനക്കു് ഈ വേഷം എവിടെനിന്നു കിട്ടി?" എന്നു ഞാൻ ചോദിച്ചു. യമുനയുടെ നേത്രങ്ങൾ വീണ്ടും അശ്രുഹീനങ്ങളായിത്തീൎന്നു. അവൾ ഒരുത്തരവും പറഞ്ഞില്ല. മെല്ലെ ഒന്നു ചിരിക്കമാത്രം ചെയ്തു. ദുഃഖാവസരങ്ങളിലും ചിരിക്കുവാൻ കഴിയുമോ എന്നോൎത്തു് ഞാൻ ആശ്ചൎയ്യപ്പെട്ടു. "യമുനേ! നീ തിരിയെ പോന്നതെന്താണു്?" എന്നു് വീണ്ടും ഞാൻ ചോദിച്ചു. "ചേച്ചീ! ഉടഞ്ഞുപോയ കുടം ഉപയോഗത്തിനുകൊള്ളുമോ?" അവൾ പറഞ്ഞു. "ഞാൻ ഒരു........യാണെന്നാണു് ഭൎത്താവു് അവിടെ മററുള്ളവരെ ധരിപ്പിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഞാൻ അവിടെനിന്നു പോന്നുകളഞ്ഞു."

ചിരിച്ചുകൊണ്ടു് സംസാരിക്കുവാൻ അവൾ വളരെ കഷ്ടപ്പെട്ടു. ആ ചിരി കണ്ടിട്ടു എൻെറ ഹൃദയം തകൎന്നു. അഹോ! എന്തു ദുഃഖമയമായ ചിരിയായിരുന്നു അതു്! താദൃശമായ ദുഃഖം അശ്രുപ്രവാഹത്താൽ അടങ്ങുന്നതല്ല. അതുകൊണ്ടത്രേ യമുന ചിരിച്ചുകളഞ്ഞതു്. ഞാൻ അനുഭവിക്കുന്ന ഹൃദയവേദന അറി

ഞ്ഞു് അവൾ ഇങ്ങനെ പറഞ്ഞു:— "മററൊരാൾക്കു വേണ്ടി മനുഷ്യർ ദുഃഖിക്കുകയോ ചേച്ചീ! അതെല്ലാം വെറുതെ സകല ദുഃഖവും അവനവനുവേണ്ടിത്തന്നെ." അതിനുത്തരമായി ഒരു വാക്കുപോലും പറയാൻ കഴിയാതെ സ്തബ്ധയായി ഞാൻ അവിടെ നിന്നുപോയി. യമുന പണ്ടത്തെ യമുനയല്ലെന്നു ഞാൻ ഗ്രഹിച്ചു.

കുറേനേരം മിണ്ടാതിരുന്നതിനുശേഷം ഞാൻ ചോദിച്ചു:— "യമുനേ! ഞങ്ങളുടെ വീട്ടിൽ വരികയില്ലേ?"

യമുന:- "ചേച്ചീ, ശ്മശാനമാണു് എൻെറ സ്വന്തഗൃഹം. ഇതിനെ ഞാൻ ഇനി ഉപേക്ഷിക്കയില്ല."

ഞാൻ വളരെയെല്ലാം ശ്രമിച്ചുനോക്കി. ഒന്നുകൊണ്ടും അവളെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ എനിക്കു കഴിഞ്ഞില്ല. കത്തിയെരിയുന്ന ഹൃദയത്തെ വഹിച്ചുകൊണ്ടു് ജീവിച്ചിരിക്കേത്തന്നെ അവൾ ശ്മശാനവാസിനിയായിത്തീൎന്നു.

ദിവസംതോറും കാലത്തു ഞാൻ അവളെ കാണ്മാൻ ശ്മശാനത്തിലേക്കു പൊയ്ക്കൊണ്ടിരുന്നു. ഒരു ദിവസം ചെന്നപ്പോൾ അവളെ ഞാൻ കണ്ടില്ല. കുടീരദ്വാരത്തിലെത്തിയപ്പോൾ അവിടെ ഉണ്ടായിരുന്ന ഏതാനും നായ്ക്കളും കുറുക്കന്മാരും എന്നെ നോക്കി കുരയ്ക്കുകയും ഓലിയിടുകയും ചെയ്തുകൊണ്ടു് അല്പം അകലെ പോയിനിന്നു. പെട്ടെന്നു് എൻെറ മനസ്സിൽ

അസാധാരണമായ ഒരു ഭയം അങ്കുരിച്ചു. അടച്ചിരുന്ന വാതിൽ തള്ളിത്തുറന്നു് ഞാൻ അകത്തേക്കു കടന്നു. ഹാ! കഷ്ടം! എന്തു ദയനീയമായ കാഴ്ച! ആ ഭാഗ്യഹീനയുടെ മൃതശരീരം ധൂളിസ്നാനം ചെയ്തു ഭൂമിയിൽ കിടക്കുന്നു. എൻെറ ദേഹമാസകലം വിറച്ചു നിന്ന നിലയിൽത്തന്നെ ഞാൻ സ്തംഭംപോലെ നിന്നുപോയി.

---

# മററു കയ്യിൽ പോയ പണം

## ഒന്നു്

ഗോകുലൻ ഒരു ബാങ്കിലെ ഉദ്യോഗസ്ഥനാണു്. പണം പരിക്ഷകയാണു് ആയാളുടെ ജോലി. ആ ബാങ്കിൽ ആയാഠം ജോലി ചെയ്തുതുടങ്ങിയിട്ടു് പത്തു കൊല്ലമായി. ഇതിനിടയ്ക്കു് ആയാളുടെ കണക്കിൽ ഒററക്കാശിനുപോലും വ്യത്യാസം വന്നിട്ടില്ല. ആയാളെപ്പോലെ വിശ്വസ്തനായിട്ടു് അടുത്തദിക്കിലെങ്ങും ആരുമില്ലെന്നു് ബാങ്കുടമസ്ഥന്മാർതന്നെ പലപ്പോഴും പറയാറുണ്ടു്. ഒരു ദിവസമെങ്കിലും ആയാഠം ആപ്പീസിൽ വരാതിരിക്കുകയോ ജോലിയിൽ അൽപമെങ്കിലും വീഴ്ച വരുത്തുകയോ ചെയ്തിട്ടില്ല. ആ ഉദ്യോഗസ്ഥൻ ഉണ്ണുന്ന ചോറിനു കൂറുള്ളവനാണെന്നു പ്രത്യക്ഷപ്പെട്ടിരുന്നു.

ആയാളുടെ ചുരുങ്ങിയ ശമ്പളം കൊണ്ടുതന്നെ ആയാഠം നിത്യവൃത്തി ഭംഗിയായി കഴിച്ചുകൂട്ടിയിരുന്നു. ഉള്ളതുകൊണ്ടു് ഓണംപോലെ കഴിയാതെ വിധിയെ അധിക്ഷേപിക്കുന്ന സമ്പ്രദായം ആയാഠംക്കുണ്ടായിരുന്നില്ല.

"നിങ്ങഠം അനവധി പണം എടുത്തു പെരുമാറാറുണ്ടല്ലൊ. വല്ലപ്പോഴുമെങ്കിലും ഏതാനും നിങ്ങളുടെ കയ്യിൽ പററിപ്പിടിക്കാറില്ലേ?" എന്നിങ്ങനെ ഇടയ്ക്കിടയ്ക്കു് ചില സ്നേഹിതന്മാർ അയാളോടു് ചോ

ദിക്കാറുണ്ടു്. അതിനു് അയാൾ പറയാറുള്ള ഉത്തരം ഇതായിരുന്നു:— "അല്ലാ, നിങ്ങളും ഇങ്ങനെ പറഞ്ഞുതുടങ്ങിയോ? എൻെറ വകയല്ലാത്ത പണം പണമേ അല്ല; വെറും മണ്ണാങ്കട്ടയായിട്ടേ ഞാനതിനെ കണക്കാക്കാറുള്ളൂ." അയൽവക്കത്തുള്ളവരെല്ലാം ആയാളെ വളരെ ബഹുമാനിച്ചിരുന്നു. ആപൽക്കാലങ്ങളിൽ അയാളുമായി ആലോചിച്ചു പ്രവൃത്തിക്കുന്നതു പ്രയോജനകരമാണെന്നു് അവർ വിചാരിച്ചുവന്നു.

## രണ്ടു്

ഒരു ദിവസം കാലത്തു് വളരെ നേരത്തെ അയാൾ ഒരുകോപ്പ ചായയും കുടിച്ചു് ഒരു സിഗററും കത്തിച്ചുപിടിച്ചു പണപ്പിരിവിനായിറങ്ങി. മാസാവസാനമായിരുന്നതിനാൽ അന്നു വളരെ പണം പിരിഞ്ഞുകിട്ടേണ്ടതുണ്ടായിരുന്നു പതിവായി മടങ്ങിവരാറുള്ള സമയം കഴിഞ്ഞിട്ടും അന്നു് ആയാൾ വീട്ടിലേക്കു മടങ്ങി എത്തിയില്ല. ബന്ധുക്കളായിട്ടു് ആയാൾക്കങ്ങിനെയാരുമില്ല; എങ്കിലും നാട്ടുകാൎക്കു് ആയാളെ കാണാഞ്ഞിട്ടു വല്ലാത്ത വ്യസനവും പരിഭ്രമവും ഉണ്ടായി. വഴിക്കുവെച്ചു കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു മരിച്ചിരിക്കുമോ എന്നും ചിലർ സംശയിക്കാതിരുന്നില്ല. അയാളുടെ കൈവശം അന്നു വമ്പിച്ച തുക ഉണ്ടായിരുന്നു. ഉടനെ പോല്ലീസ്സിൽ അറിവുകൊടുത്തു. കുറേനേരം അന്വേഷിച്ചതിൻെറ ഫലമായി അകലെയുള്ള ഒരു ഗ്രാമത്തിലെ പണപ്പിരിവു

കഴിഞ്ഞു് ആയാൾ രാത്രി ഏഴുമണിയോടുകൂടി വീട്ടിലേക്കു മടങ്ങീട്ടുണ്ടെന്നു് അറിവു കിട്ടി. മടങ്ങുന്ന സമയം ആയാളുടെ കൈവശം ആകെ രണ്ടരലക്ഷം ഉറുപ്പികക്കുള്ള നോട്ടുകളുണ്ടായിരുന്നു. അതിനുശേഷം ആയാൾക്കു് എന്തു പററി എന്നും ആയാൾ എവിടെ പോയി എന്നും ഒരുത്തനും അറിവാൻ കഴിഞ്ഞില്ല. ഒടുവിൽ പഴക്കമുള്ള പൊല്ലീസ്സുകാരും ബാങ്കുടമസ്ഥന്മാരും എല്ലാം ഇങ്ങനെ ഊഹിച്ചുറച്ചു. "ഗോകുലൻ വളരെ വിശ്വസ്തനാണു്; ഒരിക്കലും പണവുംകൊണ്ടു് ഓടിക്കളയുന്ന പുള്ളിയല്ല; നിശ്ചയമായിട്ടും അയാൾ വഴിയിൽവെച്ചു കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു മരിച്ചിരിക്കണം. കള്ളന്മാർ ഈ കാര്യം മുമ്പേതന്നെ ആലോചിച്ചുറപ്പിച്ചിട്ടായിരിക്കണം ഈ കൃത്യത്തിനുദ്യമിച്ചതു്."

ഗോകുലനെ കാണാതായ വിവരം നാലു ദിക്കിലും പരന്നു. വർത്തമാനപ്പത്രങ്ങളിൽ ഈ സംഗതി വലിയ അക്ഷരത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. "കഷ്ടം! കഷ്ടം!! ഇത്ര യോഗ്യനായ ഒരാൾ പൊയ്പ്പോയതു നമ്മുടെ നാടിനു വലിയ നഷ്ടമായിത്തീൎന്നു." എന്നു നാട്ടുകാർ വ്യസനിച്ചു. "ഇങ്ങിനെ ഒരാളെ ഞങ്ങൾക്കിനി കിട്ടുകയില്ല. പത്തുകൊല്ലംകൊണ്ടു് ആയാൾ ചെയ്ത ജോലി വേറൊരുത്തനാണെങ്കിൽ നാല്പതുകൊല്ലംകൊണ്ടും ചെയ്തുതീർക്കുകയില്ല." എന്നു ബാങ്കുടമസ്ഥന്മാർ അയാളെ പുകഴ്ത്തി. ഇത്തരത്തിൽ പലരും പലവിധത്തിൽ ആയാളെപ്പററി അനുശോചിക്കുവാൻ തുടങ്ങി.

ഒരു ദിക്കിൽ ഇ ദിനെയുള്ള ലഹള നടന്നുകൊണ്ടിരിക്കുമ്പോൾ അൽപ്പം അകലെയുള്ള ഒരു നഗരത്തിൽ ഇരുന്നുകൊണ്ട് ഒരു മിടുക്കൻ ഇതെല്ലാം കണ്ട് ഉള്ളുകൊണ്ടു ചിരിക്കുന്നു ആയാളെ അന്വേഷിച്ചു പൊല്ലീസ്സുകാർ ആകാശപാതാളങ്ങൾ മുഴുവൻ "തപ്പിനോക്കി" കഷ്ടപ്പെട്ടുമ്പോൾ, ആയാൾ ഒരു നദീതീരത്തിരുന്നു തൻെറ വസ്ത്രങ്ങളെല്ലാം മാറി പഴയതെല്ലാം ചുരുട്ടിക്കെട്ടി ഒരു ചെറിയ കെട്ടാക്കി അതിനെ ഒരു വലിയ കല്ലോടുകൂട്ടിക്കെട്ടി വെള്ളത്തിൽ താഴ്ത്തുകയായിരുന്നു ആ ജോലി കഴിഞ്ഞപ്പോൾ ആയാൾ നോട്ടിൻെറ സഞ്ചി ഉടുപ്പിൻെറ ഒരു ഭാഗത്തു സൂക്ഷിച്ചുവെച്ചുകൊണ്ട് ആ സ്ഥലത്തുനിന്നു മടങ്ങി നഗരമദ്ധ്യത്തിലേക്കു പ്രവേശിച്ചു. അപ്പോൾ ആയാളുടെ മനസ്സിൽ ഭയമാകട്ടേ ശങ്കയാകട്ടേ ലേശവും ഉണ്ടായിരുന്നില്ല. ഒരു ഹോട്ടലിൽ ചെന്നു സുഖമായി ഊണു കഴിച്ച് അന്നത്തെ രാത്രി അവിടെ കഴിച്ചുകൂട്ടി. പിറേറദിവസം കാലത്ത് ഉറക്കമുണരുന്നതിനു മുമ്പായിത്തന്നെ മേലാൽ ചെയ്യേണ്ട കാര്യങ്ങളേക്കുറിച്ചെല്ലാം ആയാൾ ആലോചിച്ചുറപ്പിച്ചുകഴിഞ്ഞിരുന്നു.

ഒരിക്കൽ തന്നെ പിടികൂടുമെന്ന് ആയാൾക്കറിയാമായിരുന്നു. പൊല്ലീസ്സുകാരുടെ കണ്ണിൽ പൊടിയിട്ടു വളരെ നാൾ കഴിച്ചുകൂട്ടുവാൻ സാദ്ധ്യമല്ല. അതിനാൽ ആയാൾ ആ രണ്ടരലക്ഷം ഉറപ്പികയ്ക്കുള്ള നോട്ടുകൾ മുഴുവൻ ഒരു കട്ടിയുള്ള ലക്കോട്ടിലാക്കി

പരവെച്ച് അതിൻെറ പുറമെ അബ്ബെട്ട സ്ഥലത്തു മുദ്രവെച്ചു. ഒടുവിൽ അതുംകൊണ്ടു് ഒരു വക്കീലിൻെറ വീട്ടിൽ ചെന്നു.

വക്കീലിനോട്ടു് ഇങ്ങിനെ പറഞ്ഞു:— "നോക്കണേ! ഇതിൽ എനിക്ക് അത്യാവശ്യമുള്ള ചില ആധാരങ്ങളുണ്ടു്. ഞാൻ ഇപ്പോറം വിദേശസഞ്ചാരത്തിനു പോകയാണു്. ഏതാനും സംവത്സരങ്ങറം കഴിഞ്ഞിട്ടേ മടങ്ങി വരികയുള്ളു. അതിനാൽ ഇതു നിങ്ങളുടെ അടുക്കൽ സൂക്ഷിക്കാൻ ഏൽപ്പിച്ചു പോകണമെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങറക്കു് ഇതിൽ വിരോധമുണ്ടാവുകയില്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്."

വക്കീൽ:—"ഇല്ല, ഇല്ല; വിരോധമൊട്ടും ഇല്ല. എന്നാൽ ഞാനൊരു രസീതു് എഴുതിത്തരാം."

രസീതിൻെറ കാര്യം അയാറം ഓർത്തതേ ഇല്ല. രസീതു വാങ്ങിക്കുന്നപക്ഷം മററൊരു ദുർഘടമാണു വന്നുകൂടുന്നതു്. പൊല്ലീസ്സുകാരുടെ കയ്യിൽപെടുമ്പോറം അവർ ആ രസീതു കണ്ടെത്തുകയാണെങ്കിൽ എല്ലാം തുലഞ്ഞു! അതിനാൽ ആയാറം ഇങ്ങിനെ പറഞ്ഞു:—

"രസീതുകൊണ്ടു് എനിക്കു യാതൊരു പ്രയോജനവുമില്ല. അതു് ആരെയെങ്കിലും ഏറംപ്പിച്ചു പോകാമെന്നു വെച്ചാൽ എനിക്കു ബന്ധുക്കളും ആരുമില്ല. ഇതു് ഇങ്ങിനെതന്നെ ഇവിടെ ഇരുന്നാൽ മതി. ഇതിൽ വിശേഷിച്ചു് എന്താണുള്ളതു്? ഞാൻ തിരി

കെ വന്നു് എൻെറ പേരു പറയുമ്പോൾ ഇതു് എന്നെ ഏല്പിച്ചാൽ മതി. മടങ്ങിവരുവാൻ കുറെ അധികം താമസമുണ്ടായി എന്നു വരുന്നതാകാം."

വക്കീൽ ഇനി എന്താണു ചെയ്യുക? ഒടുവിൽ ഇങ്ങിനെ പറഞ്ഞു:— "കൊള്ളാം. എന്നാൽ നിങ്ങളുടെ പേരു പറഞ്ഞു പൊയ്ക്കൊള്ളൂ. കവറിൻെറ പുറത്തു ഞാൻ എഴുതിവെയ്ക്കാം. നിങ്ങൾ വന്നു് ഈ പേരു പറയുമ്പോൾ കവർ നിങ്ങൾക്കു മടക്കിത്തരാം."

സ്വല്പം ആലോചിച്ചതിൻെറ ശേഷം അയാൾ പറഞ്ഞു:—"എൻെറ പേർ ജലധരൻ — ജലധരചക്രവർത്തി—എന്നാണു്."

## മൂന്നു്

വക്കീലിൻെറ വീടുവിട്ടു വഴിയിൽ എത്തിയപ്പോൾ ആയാളുടെ ശങ്കകളെല്ലാം തീൎന്നു ആയാൾ തീരെ നിർഭീകനായി. ആയാൾ ഇങ്ങിനെ വിചാരിച്ചു തുടങ്ങി:—"ഇനി പൊല്ലീസ്സുകാർ പിടിക്കട്ടെ! എന്നെ എന്തുചെയ്യും? അവൎക്കു് എന്തു തെളിവുകിട്ടും? എന്നെ പിടിക്കുമെന്നുള്ളതു നിശ്ചയമാണു്. പക്ഷെ എന്തിനുവേണ്ടി എന്നെ പിടിക്കുന്നുവോ അതു കണി കാണാൻപോലും പാവങ്ങൾക്കു കിട്ടുകയില്ല. നാലഞ്ചു കൊല്ലത്തേക്കു കഠിനതടവു കിട്ടുമായിരിക്കും. അതിൽ എനിക്കു തീരെ പേടിയില്ല! ശരിക്കു സമയം തെററാതെ ഊണും ഉറക്കവും വ്യായാമവും നടത്താം. ഒരു

വിചാരവും വേണ്ട. ദേഹം നന്നാകാനേ വഴിയുള്ളു. ശിക്ഷകഴിഞ്ഞു പുറമേ വന്നാലോ? ഹാ! എന്തു സുഖം! രണ്ടര ലക്ഷമല്ലേ!! അകലെയുള്ള ഒരു ഗ്രാമത്തിൽപോയി നദീതീരത്തിൽ ഒരു വീടുപണിയിച്ചു പാക്കും. അവിടെ എന്നെ ആർ അറിയും? ഞാൻ അന്നു ശ്രീമാൻ ജലധരചക്രവത്തിയല്ലേ? വീടു വളരെ വലുതാക്കി പണിയിക്കയില്ല. കുറേശ്ശ ദാനധമ്മങ്ങളും ചെയ്യണം. ആളുകളുടെ കണ്ണിൽപൊടി— വെറും പൊടിയല്ല, പനിനീരിൽ കുഴകിയപൊടി— വാരിയിടുവാൻ എനിക്കു നല്ലവണ്ണം സാധിക്കും. കൊള്ളാം! പിന്നെ അവനെയോ? അതെ, നിശ്ചയമായിട്ടും!”

നോട്ടുകളുടെ നമ്പർ പുറത്തായിട്ടുണ്ടോ എന്നറിയുന്നതിനുവേണ്ടി ആയാൾ ഒരു ദിവസം കൂടി ഒളിച്ചുനടന്നു. നമ്പർ പുറത്തായിട്ടില്ലെന്നു് അറിഞ്ഞപ്പോൾ ആയാളുടെ മനസ്സിനു് ഒന്നുകൂടി ഭാരം കുറഞ്ഞു

ഒടുവിൽ ആയാളെ പൊല്ലീസ്സുകാർ പിടിച്ചു. വഴിയരികിൽ ഒരു മരത്തിൻെറ ചുവട്ടിലുള്ള ബഞ്ചിന്മേൽ നോട്ടിൻെറ സഞ്ചിയും മടിയിൽവച്ചു സ്വല്പനേരം കിടന്നതോടുകൂടി താൻ ഉറങ്ങിപ്പോയി എന്നും, ഉണന്നു നോക്കിയപ്പോൾ നോട്ടും കണക്കുപുസ്തകവും മറവും കണ്ടില്ലെന്നും താൻ വളരെയൊക്കെ അന്വേഷിച്ചിട്ടും അതു കൊണ്ടുപോയതു് ആരാണെന്നറിവാൻ കഴിഞ്ഞില്ലെന്നും ആയാൾ മൊഴികൊടുത്തു.

വഴിക്കുവെച്ചു് പെട്ടെന്നു് ഉറങ്ങിപ്പോയതുകൊണ്ടു് അധികൃതന്മാർ ആയാൾക്കു് അഞ്ചുകൊല്ലത്തേക്കു സുഖമായി ജെയിലിൽ കിടന്നുറങ്ങുവാൻ വേണ്ട ഏപ്പാടുകൾ ചെയ്തു കൊടുത്തു.

## നാല്

ജെയിലിൽ ആയാൾ സുഖമായിട്ടുതന്നെ ദിവസം കഴിച്ചുകൂട്ടുവാൻ തുടങ്ങി. അവിടത്തെ കഷ്ടപ്പാടു് താൻ ചെയ്ത സ്വല്പപാപത്തിനുള്ള പ്രായശ്ചിത്തമാണെന്നു കരുതി ആയാൾ സമാധാനപ്പെട്ടു. ജേലിൽ വെച്ചു് ആയാൾ ചെയ്ത ജോലികണ്ടു് എല്ലാവക്കും ആയാളിൽ തൃപ്തിതോന്നി. "ഇങ്ങനെയുള്ളവനു ജയിൽ ശിക്ഷ കിട്ടിയതു് ആശ്ചര്യം തന്നെ ഇയ്യാൾ ഒരിക്കലും കക്കുന്നവനല്ല," എന്നിങ്ങനെ ജയിൽ അധികാരികൾ ആയാളെ പ്രശംസിച്ചു. ജയിൽവാസംകൊണ്ടു് ആയാളുടെ ശരീരം പൂവ്വാധികം നന്നാകാൻ തുടങ്ങി.

## അഞ്ചു്

അഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ ആയാളെ തടവിൽനിന്നും വിട്ടു. ആയാൾ പുറത്തുവന്നു രാജപാതയിൽക്കൂടി സഞ്ചരിച്ചുകൊണ്ടു് ഇങ്ങിനെ വിചാരിച്ചു തുടങ്ങി:—"ഇന്നു് എൻെറ ആഗ്രഹം സകലതും ഫലിച്ചു. ഇനി കുറച്ചുവല്ലതും വാരിത്തിന്നു് വസ്ത്ര

ങ്ങൾ മാറി വക്കീലിന്റെ വീട്ടിലേക്കു പോകണം. ആയാൾ ആദ്യം എന്നെ അറികയേ ഇല്ല. ആയാൾ ഒരുപക്ഷെ എന്റെ മുഖത്തു മിഴിച്ചുനോക്കിക്കൊണ്ടിരിക്കും. അപ്പോൾ ഞാൻ എന്റെ ആ ലക്കോട്ടു മടക്കിച്ചോദിക്കും. ആയാൾ ആ കഥയേ മറന്നിരിക്കും. ഹ! ഹ! ഹ! എന്തു നേരംപോക്കാണ് അപ്പോൾ ഉണ്ടാകാൻ പോകുന്നതു്! "എന്നാൽ നിങ്ങളുടെ പേരു പറയൂ. അപ്പോൾ അതു മടക്കിത്തരാം," എന്നു വക്കീൽ ഒടുവിൽ പറയും. ഞാൻ അപ്പോഴും പേരു പറയുകയില്ല. ആയാളെ ഒന്നുകൂടി കളിപ്പിക്കും. പാവം! വെറും വിഡ്ഢിയായിത്തീരും. ഒടുവിൽ ഞാൻ പേരു പറയും ഞാൻ ശ്രീ* —! ഐ‍ഃ! എന്താണ്! — ശ്രീ—!

അതു വെളിക്കു പുറപ്പെടുന്നില്ല. കേവലം ശ്രീ— ശ്രീ— അതിനുശേഷം യാതൊന്നും മനസ്സിൽ ഉദിക്കുന്നില്ല. ഒന്നു രണ്ടു മണിക്കൂർ നേരം ഇങ്ങനെ ഇരുന്നു് ആലോചിച്ചപ്പോൾ തലക്കാച്ചിൽ പിടിച്ചു. കണ്ണിൽ നിന്നു തീ പറക്കുവാൻ തുടങ്ങി; ശരീരം മുഴുവൻ വിയർത്തൊലിച്ചു. അനവധി ഉറുമ്പുകൾ ഒന്നായിവന്നു കയ്യിൽ കടിക്കുന്നതുപോലെ തോന്നി. ഇത്രയും ആയപ്പോൾ ഇരുന്നു കഴിച്ചുകൂട്ടുവാൻ ആയാൾക്കു് കഴിയാതെ വന്നു. ആയാൾ നിലത്തു് ഉറക്കോടെ ഒന്നു ചവുട്ടിക്കൊണ്ടു് എഴുന്നേററുനിന്നു. "ഇങ്ങിനെയുള്ള സ്ഥലത്തിരുന്നു് ആലോചിച്ചാൽ പേരു് ഓമ്മവരിക

* ബങ്കാളികൾ സാധാരണയായി പേരിന്റെ ആദ്യം 'ശ്രീ' എന്നു ചേക്കാറുണ്ടു്.

യില്ല—ഉള്ളതും മറന്നു പോകയേയുള്ളു. അതിലും ഭേദം കുറച്ചെന്തെങ്കിലും ആഹാരം കഴിച്ചിട്ടാലോചിക്കയാണ്. മനസ്സിനു് സ്വല്പം സമാധാനം ഉണ്ടായാൽ ശരിയായി ഓൎമ്മ വരും.” ഇങ്ങനെ വിചാരിച്ചിട്ടു് ആയാൾ ഭ്രാന്തനേപ്പോലെ വഴിയിൽകൂടി നടന്നുതുടങ്ങി. വഴിയിൽ ആളുകൾ കാൎയ്യഗൌരവത്തോടുകൂടി ചെയ്യുന്ന ഗതാഗതങ്ങൾ, വണ്ടിയുടെ ശബ്ദം ഇതിനെല്ലാം ഇടയ്ക്കു് ആയാൾ രണ്ടരലക്ഷം രൂപാ കിട്ടാനുള്ള ആ പേരിനെത്തന്നെ അന്വേഷിച്ചു നടന്നു. “ശ്രീ—ശ്രീ—” ഇത്രമാത്രം. പിന്നെ ഒന്നും തോന്നുന്നില്ല.

സന്ധ്യയായി. ആയാൾ അപ്പൊഴും വഴിയിൽ കിടന്നു് ചുററിത്തിരിയുന്നു. ഊണിനെപ്പററി ആയാൾക്കു് വിചാരമേയില്ല; തലമുടിയെല്ലാം ചപ്രപ്പറയായി കിടക്കുന്നു. കണ്ണു രണ്ടും തീപോലെ ജ്വലിക്കുന്നു. വീടുകളിലും വഴിയരികേയുള്ള പീടികകളിലും വിളക്കു് കൊളുത്തിക്കഴിഞ്ഞു. ആയാൾ നടന്നു നടന്നു വക്കീലിൻെറ പടിക്കൽ എത്തി. പടിവാതലിൻെറ ഓടാമ്പലിൽ പിടിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞുതുടങ്ങി:—“അയ്യോ! ആ പേരുകിട്ടുന്നില്ലല്ലോ. ഞാൻ ഭ്രാന്തനായിപ്പോയോ? രണ്ടരലക്ഷം ഉറുപ്പിക—ഞാൻ കട്ടതു് ശരിതന്നെ; പക്ഷെ അതിനു വേണ്ടി ഞാൻ തക്കതായ ശിക്ഷയും അനുഭവിച്ചല്ലോ! ഉറുപ്പികയുണ്ടു്. വക്കീൽ ഉണ്ടു്. ഞാനും ഉണ്ടു്! എല്ലാം പൊയ്പോകുമോ? ഒരു വാക്കിനു—ഒരൊററപ്പേരിനു—

വേണ്ടി എൻെറ സകലവും നഷ്ടമാകുമോ? ശ്രീ—ശ്രീ—ഇല്ല. മേൽതോന്നുന്നില്ല. ഛെ! അതെന്തു വാക്ക്? ശ്രീ—ശ്രീ—?"

അയാളുടെ ആശയെല്ലാം അസ്തമിച്ചു. അയാൾ വഴിയിൽക്കൂടി ഇതാ വീണ്ടും നടക്കുന്നു. പക്ഷേ ബോധമില്ല. ആളുകളുടെ മേൽ ചെന്നു മുട്ടുന്നു; അതു് അയാൾ അറിയുന്നില്ല. ആളുകൾ അയാളെ നോക്കി ഭ്രാന്തനാണെന്നു നിശ്ചയിച്ചുകൊണ്ടു് മാറിപ്പോകുന്നു. അതും അയാൾ കാണുന്നില്ല. പലപ്രാവശ്യവും വണ്ടിച്ചക്രങ്ങൾക്കിടയിൽപ്പെട്ടവാൻ ഭാവിച്ചു എങ്കിലും അയാൾ കുടുങ്ങുന്നില്ല; വണ്ടിക്കാർ അപ്പോഴപ്പോൾ അസഭ്യവർഷം ചെയ്യുന്നുണ്ടു്. ഒന്നിലും അയാളുടെ മനസ്സുചെല്ലുന്നില്ല. "ശ്രീ—ശ്രീ—?" ശേഷം ഓർമ്മ വരുന്നില്ല.

ഇരുട്ടായതോടുകൂടി ആയാൾ ക്ഷീണിച്ചു് ഒരു പുഴക്കടവിൽ ചെന്നെത്തി. അവിടെ ആയാൾ അനക്കമില്ലാത്ത ആ നദീജലത്തിലേക്കു കണ്ണിമയ്ക്കാതെ കുറേ നേരം നോക്കിക്കൊണ്ടുനിന്നു. "പുഴവെള്ളത്തിൽനിന്നു പേരു കിട്ടുമോ? ഒരു പക്ഷേ കിട്ടിയേക്കാം—!" ഒന്നു രണ്ടു തവണ അയാൾ ഇങ്ങിനെ വിചാരിച്ചു. പിന്നീടു് പതുക്കെ ഓരോ പടവുകൾ ഇറങ്ങി വെള്ളത്തിനടുത്തെത്തി ആയാൾ ഒരു കൈക്കുമ്പിൾ നിറയെ വെള്ളം കോരിക്കുടിച്ചു. ഇതെന്തു മായം? നദീജലം അയാളെ പിടിച്ചു വലിക്കുന്നതെ

ത്തിനു്! മറന്നുപോയ പേരു് പറഞ്ഞുകൊടുപ്പാനായി രിക്കുമോ? ആയ്യാൾ നില്ക്കുവാൻ ശക്തനായില്ല. പെ ട്ടെന്നു നദിയിലേക്കു് ഒരു ചാട്ടം കൊടുത്തു വീണ ഉടനെ വെള്ളത്തിൽ താണു. വീണ്ടും പൊങ്ങിവന്നു! അപ്പോൾ പെട്ടെന്നു് നിലവിളിച്ചുകൊണ്ടു് ആയാൾ പറഞ്ഞു "—! കിട്ടി; കിട്ടിപ്പോയി! ശ്രീജലധരൻ— ശ്രീജല—!"

കടവിൽ മററാരുമുണ്ടായിരുന്നില്ല. പുഴയിൽ വഞ്ചിയുമില്ലായിരുന്നു. തിരയടിക്കാതെ ശാന്തമായി രുന്ന നദീജലത്തിൽ നക്ഷത്രങ്ങളുടേയും വഴിയരികേ യുള്ള വിളക്കുകളുടേയും പ്രഭ പ്രതിബിംബിച്ചു നൃത്തം ചെയ്തിരുന്നു. പെട്ടെന്നു് ഒരു ശബ്ദമുണ്ടായി, ഛലാൽ എന്നു ശബ്ദിച്ചുകൊണ്ടു് കുറെ വെള്ളം കട വിലെ പടവുകളിൽ വന്നടിച്ചു— പിന്നീട്ടു് എല്ലാം ശാന്തം!!

---

# വൈരനിര്യാതനം

നേരം സന്ധ്യയായി; വർഷകാലമായതിനാൽ ആകാശം മുഴുവൻ മേഘത്താൽ ആച്ഛന്നമായിരിക്കുന്നു. മഴയും കുറേശ്ശെ ചാറുന്നുണ്ട്. പതിന്നാലു വയസ്സ് പ്രായംചെന്ന ബാലനായ കാളീപ്രസാദൻ ഗംഗാതീരത്തിലുള്ള ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ നില്ക്കുന്നു. പകൽ മുഴുവൻ അവൻ പട്ടിണിയാണ്; വളരെ ദൂരം വഴി നടന്നിട്ടുള്ള ക്ഷീണവും സാമാന്യത്തിലധികം ഉണ്ട്, അന്ധകാരനിബിഡമായ ദീർഘരാത്രി അടുത്തിരിക്കയും ചെയ്യുന്നു; അവൻ എങ്ങോട്ടാണ് പോവുക? എവിടെയാണ് അവന്ന് ആശ്രയം ലഭിക്കുക?

അല്പം അകലെയായി ഒരു ചിത കത്തിക്കൊണ്ടിരുന്നു. ആലോചിക്കുന്തോറും ക്രോധംകൊണ്ടും വൈരനിര്യാതനേച്ഛകൊണ്ടും അവന്റെ ഹൃദയം ആ ചിതയ്ക്കൊപ്പം ഭയങ്കരമായി ജ്വലിച്ചു. അച്ഛന്റെ ദിനംപ്രതിയുള്ള കഷ്ടപ്പാടുകൾ, അർദ്ധോപവാസങ്ങൾ, അകാലമരണം, മരണസമയത്ത് അദ്ദേഹം പറഞ്ഞ വാക്കുകൾ — ഇവയെല്ലാം ഓരോന്നോരോന്നായി അവന്റെ ഉള്ളിൽ ഉദിച്ചു. അതിന്റെ ഫലമായി വിശപ്പും ദാഹവും കൊണ്ടുള്ള ക്ഷീണത്തേയും മറന്ന് "വൈരനിര്യാതനം" "വൈരനിര്യാതനം" എന്നിങ്ങനെ ഉച്ചരിച്ചുകൊണ്ട് അവൻ സ്വപാദാഘാതങ്ങളാൽ ഭൂമിയെ തകർത്തുതുടങ്ങി.

മഴയുടെ ഊക്കു വർദ്ധിച്ചു. കൊടുങ്കാററു വീശി ത്തുടങ്ങി. പട്ടടയിലെ തീയ്യ് അങ്ങുമിങ്ങും കത്തി ത്തുടങ്ങി. ബാലൻെറ ദേഹം മുഴുവൻ മഴകൊണ്ടു നന യുകയും തണുപ്പുകൊണ്ടു വിറയ്ക്കുകയും ചെയ്തു. അവ ൻെറ ഹൃദയത്തിൽ കത്തിക്കൊണ്ടിരുന്ന ക്രോധാഗ്നി ദ്വിഗുണിതമായ ശക്തിയോടെ ജ്വലിച്ചു. ശപഥരൂ പത്തിലും പ്രാർത്ഥനാരൂപത്തിലും അവൻ ഇങ്ങനെ പിറുപിറുത്തു:— "വൈരനിര്യാതനം, വൈരനിര്യാത നം! നിശ്ചയമായിട്ടും ഞാൻ പ്രതികാരം വീട്ടും. സർവ്വശ ക്തനായ ഭഗവാനെ! ഞങ്ങളെ ഈ അവസ്ഥയിലാ ക്കിയവനെ ശിക്ഷിക്കണമേ!"

നനഞ്ഞും, വിറച്ചും, ശപിച്ചും, ശപഥംചെയ്തും ആ ബാലൻ എഴുന്നേററു കുറച്ചകലെയായിക്കണ്ട ഒരു ദീപത്തെ ലക്ഷ്യമാക്കി ആ വഴിയേ നടന്നുതുടങ്ങി. അടച്ചിരുന്ന ഒരു ദേവാലയത്തിൻെറവാതിൽപഴുതിൽ ക്കൂടെ കടന്നുവരുന്ന ഒരു ദീപപ്രകാശമായിരുന്നു അവ ൻെറ ദൃഷ്ടിയിൽപ്പെട്ടതു്. അവൻ ആ ക്ഷേത്രത്തിൻെറ മുററത്തെത്തി. അതിനെതൊട്ടു് മഴ നനയാതിരിക്ക ത്തക്കവണ്ണം ചാർത്തിക്കെട്ടിയിരുന്ന ഒരു സ്ഥലത്തു് കയറിക്കിടന്നു; ക്ഷണനേരംകൊണ്ടു നിദ്രയിൽ മഗ്ന നാവുകയും ചെയ്തു. സ്വപ്നത്തിൽ തൻെറ അച്ഛൻ സൌമ്യമൂർത്തിയായും പ്രസന്നഭാവത്തിലും അരികെ വന്നു തൻെറ തലയിൽ കൈവെച്ചു് ഇങ്ങനെ പറയു ന്നതായിട്ടു അവന്നു തോന്നി:— "കുഞ്ഞേ എഴുനേല്ക്കൂ, അസഹായന്മാൎക്കു സഹായിയും അന്യായപ്രവർത്തിക

ളെ ന്യായമായ വിധത്തിൽ വിചാരണ ചെയ്യുന്ന ന്യായാധിപനും ആണു് ഭഗവാൻ. നീ ഒട്ടും ഭയപ്പെടേണ്ട." "വൈരനിര്യാതനം" എന്നു പുലമ്പിക്കൊണ്ടു് ബാലൻ ഉണൎന്നു. വാസ്തവത്തിൽ ആരോ ഒരാൾ തന്റെ തലയിൽ കൈവെച്ചുകൊണ്ടു് അരികെ നില്ക്കുന്നതായി അവൻ അപ്പോൾ കണ്ടു. പെട്ടെന്നു പരിഭ്രമത്തോടെ അവൻ എഴുന്നേററിരുന്നു. അവന്റെ അച്ഛൻ തന്നെയായിരിക്കുമോ അവനെ ആശ്വസിപ്പിക്കുവാൻ അപ്പോൾ അവിടെ വന്നെത്തിയിരുന്നതു്? മഴയുടെ ശക്തി അപ്പോൾ ശമിച്ചിരുന്നു. അപരിചിതനായ ആ ആൾ ഇടത്തെ കയ്യിൽ ഒരു വിളക്കുമായി ആ ബാലന്റെ മുഖത്തു് സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. ആ വിളക്കിന്റെ പ്രകാശത്താൽ അപരിചിതന്റെ മുഖം കുട്ടിക്കും കാണ്മാൻ സാധിച്ചു. സ്വപ്നത്തിൽ താൻ കണ്ട ആ സ്നേഹമയമായ മുഖം തന്നെയാണു് അതെന്നു് അവനു തോന്നി. അവൻ എഴുന്നേററിരുന്ന ഉടനെ അപരിചിതൻ ചോദിച്ചു.—"കുഞ്ഞേ, നീ ആരാണു്?"

"ഞാൻ ഒരു ബ്രാഹ്മണകുമാരനാണു്."

"ഇവിടെ തനിച്ചു വരുവാൻ കാരണം?"

"എനിക്കു മററാരുമില്ല; ഞാൻ അനാഥനാണു്."

അപരിചിതന്റെ ഒരു പുത്രൻ ആയിടെ മരിച്ചുപോയിരുന്നു. ദീൎഘമായി നിശ്വസിച്ചുകൊണ്ടു് അയാൾ ചോദിച്ചു:—"കുഞ്ഞേ! നിന്റെ പേരെന്താണു്?"

"കാളീപ്രസാദൻ."

"കാളീപ്രസാദനെന്നോ! കാളി ഈ ദേവാലയത്തിലെ ദേവതയാണു്. ആ ദേവിയുടെ 'പ്രസാദം' നിന്റെ മേൽ പൂൎണ്ണമായിരിക്കുന്നു. ഇന്നുമുതൽ നീ എന്നെ അച്ഛനെന്നു വിചാരിച്ചു് ഇവിടെ താമസിക്കു, കുഞ്ഞേ."

കാളീപ്രസാദനു പിന്നീടു് യാതൊരു ദുഃഖവും ബുദ്ധിമുട്ടും ഉണ്ടായില്ല. ക്ഷേത്രത്തിന്റെ ഉടമസ്ഥനായ ദേവീപ്രസന്നന്റെ മൂത്തപുത്രന്റെ സ്ഥാനം അവനു് പൂൎണ്ണമായി ലഭിച്ചു. ഭൎത്താവും ഭാൎയ്യയും ഒരുപോലെ അവനെ പുത്രനിൎവ്വിശേഷം സ്നേഹിച്ചു. അവരുടെ സന്താനങ്ങളിൽ ഒരു മകനും ഒരുമകളും അപ്പോൾ ജീവിച്ചിരുന്നു. അവൎക്കും ഈ കുമാരന്റെ പേരിൽ അകൃത്രിമമായ സ്നേഹം ഉണ്ടായി. മകളായ മേഘമാലയെ, അച്ഛനമ്മമാർ മനസ്സുകൊണ്ടു്—അല്ല വാക്കുകൊണ്ടുതന്നെ — കാളീപ്രസാദനു് ദാനംചെയ്യുകൂടി കഴിഞ്ഞു.

ജനങ്ങളുടെ സ്നേഹത്തെ സ്വയം സമ്പാദിക്കുവാൻ ശക്തിയുള്ള പല ഗുണങ്ങളും കാളീപ്രസാദനുണ്ടു്. അവയിൽ പ്രധാനമായ ഒന്നു് അവന്റെ സഹൃദയത്വമാണു്. ദുഃഖിതരായ ദരിദ്രരുടേയും ആതുരരായ അനാഥരുടേയും കഷ്ടസ്ഥിതിയെ നിവാരണം ചെയ്‌വാൻ അവൻ സദാ ജാഗരൂകനായിരുന്നു. കൊടുങ്കാററും മഴയുംകൊണ്ടു് ഭയങ്കരമായ ദുൎദ്ദിനത്തിലും അവന്റെ അനുകമ്പമൂലം ആശ്രയഹീനരായ പാന്ഥ

ക്കുവേണ്ടി ദേവാലയദ്വാരം വിപാടിതമായിത്തന്നെ കിടന്നു. അവൻെറ ഈദൃശമായ കരുണാശീലംകൊണ്ടു് പരിചിതരും അപരിചിതരും ആയ എല്ലാ നാട്ടുകാരും അവനെ സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. സർവ്വവിധ സുഖങ്ങളും അവനു ലഭിച്ചു. എന്നാൽ ആ സുഖാവസ്ഥയിലും അവൻ തൻെറ പൂർവ്വശപഥത്തെ മറന്നില്ല. വൈരനിര്യാതനേച്ഛാവഹ്നി അപ്പോഴും അവൻെറ മനസ്സിൽ ദാരുണവേഗത്തോടെ ജ്വലിച്ചുകൊണ്ടുതന്നെയിരുന്നു. ദിവസംതോറും രാത്രിയിൽ—ജനങ്ങളെല്ലാം ഗാഢനിദ്രയിൽ ലയിക്കുന്ന അവസരത്തിൽ—അവൻ ഏകാകിയായി ക്ഷേത്രത്തിൽ ചെന്നു കാളിയെ വന്ദിക്കുകയും തൻെറ വൈരനിര്യാതനേച്ഛയെ നിറവേററിത്തരണമേ എന്നു് പ്രാർത്ഥിക്കുകയും ചെയ്തുവന്നു. അഹോ! മനുഷ്യസ്വഭാവം എത്രമാത്രം പരസ്പരവിരുദ്ധങ്ങളായ ഭാവങ്ങളാൽ ഏകകാലത്തിൽ തന്നെ സമ്മിശ്രമായിരിക്കുന്നു എന്നു് നോക്കുക. അന്യരുടെ നേരെ പരമദയാലുവും ന്യായമായ അധികാരത്തെ ദാനം ചെയ്യുന്നതിൽ ആത്മത്യാഗത്തിനുപോലും സന്നദ്ധനും ആയ ഒരാൾതന്നെ ഇതാ, തൻെറ വൈരനിര്യാതനേച്ഛയെ നിറവേററി ചരിതാർത്ഥനാകുവാൻവേണ്ടി വഞ്ചകരോരഹൃദയനായിപ്പുറപ്പെട്ടിരിക്കുന്നു!

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ദേവീപ്രസന്നൻെറ മകൻ രോഗം പിടിപെട്ടു് കിടപ്പിലായി. അച്ഛനമ്മമാർക്കു് അപ്പോൾ ഉണ്ടായ ദുഃഖത്തി

ന് അതിരില്ല. അനേകം സന്താനങ്ങൾ അവൎക്കുണ്ടായിരുന്നതിൽ സവേധനൻ എന്ന ഒരു മകനും മേഘമാല എന്ന ഒരു മകളും മാത്രമേ അപ്പോൾ ശേഷിച്ചിരുന്നുള്ളു. അതിനാൽ ഉൽകണ്ഠയാലും ദുഃഖചിന്തകളാലും അവർ മൃതപ്രായരായിത്തീൎന്നു. കാളീപ്രസാദൻ കാളീദേവിയുടെ സവിശേഷമായ അനുഗ്രഹത്തിനു പാത്രീഭൂതനാണെന്ന് ആ ദമ്പതിമാർ വിശ്വസിച്ചിരുന്നു. അതുകൊണ്ടു് തങ്ങളുടെ കുട്ടികളുടെ ക്ഷേമത്തെ ഉദ്ദേശിച്ച് ദേവിയെ പ്രസാദിപ്പിക്കുവാനുള്ള ഭാരം അവർ അവനെ ഏല്പിച്ചു.

കാളീപ്രസാദൻ ഉടനെ ഒരു ഹോമം ആരംഭിച്ചു; പ്രജ്വലിതമായ ഹോമാഗ്നിയിൽ മന്ത്രോച്ചാരണപൂൎവ്വകം അവൻ ആഹൂതികൾ അൎപ്പിച്ചു; അഗ്നിവേഗ്യാമരഭേദിയായ ശബ്ദത്തോടുകൂടി അസംഖ്യം സ്ഫുലിംഗങ്ങളെ പറപ്പിച്ചുകൊണ്ടു ശതമൂൎത്തിയായി ആകാശത്തിലേക്കു ഉയൎന്നു. ബാലകൻ ആളിക്കത്തുന്ന ആ അസംഖ്യം ജ്വാലാമൂൎത്തികളെക്കണ്ടപ്പോൾ, എന്തിനെ ഉദ്ദേശിച്ചാണു് താൻ ഹോമം ചെയ്യുന്നതു് എന്ന കാൎയ്യംതന്നെ തീരെ വിസ്മരിച്ചുപോയി. ഉദ്ദീപ്തമായ ഹൃദയത്തോടുകൂടി അവൻ ആ ജ്വാലാമൂൎത്തിശതത്തെ ലക്ഷ്യമാക്കി "വൈരനിൎയ്യാതനം" "വൈരനിൎയ്യാതനം" എന്നിങ്ങനെ ഉച്ചരിച്ചു. 'തഥാസ്തു' എന്നു പ്രതിവദിച്ചുകൊണ്ടോ എന്നു തോന്നുമാറ് മുഹൂൎത്തനേരത്തേക്ക് ആളിക്കത്തിയതിനു ശേഷം ആ മൂൎത്തികൾ അന്തൎദ്ധാനം ചെയ്തു.

## മൂന്നു്

കുട്ടി മരിച്ചു; പിതാവു വ്യസനംകൊണ്ടു ഭ്രാന്തനായി; മാതാവിൻെറ മുറവിളി നാലുദിക്കിലും മുഴങ്ങി; കാളീപ്രസാദൻെറ ഹൃദയം അനുതാപത്തിൻെറ ആഘാതത്താൽ തകൎന്നു ബാലകനുവേണ്ടി പൂൎണ്ണഹൃദയത്തോടുകൂടി ദേവിയോടു പ്രാൎത്ഥിക്കുവാൻ തനിക്കു കഴിഞ്ഞില്ലെന്നും അതുകൊണ്ടാണു് ഇങ്ങനെ സംഭവിച്ചതെന്നും അവൻ വിചാരിച്ചു.

നാലുപുറവും വ്യാപിച്ച ഈ ശോകവിഷാദങ്ങളുടെ ഇടയിൽപ്പെട്ടു് മേഘമാലയുടെ മുഖപ്രസാദവും മങ്ങി. കരഞ്ഞുകരഞ്ഞു് ഒരു ദിവസം അവളും പാവിരിച്ചു.

ഭയങ്കരമായ ആപത്തു്! ഇടവിടാതെ മഴ ചൊരിയുന്നു; 'ശോം' 'ശസാം' എന്നു് ഇരമ്പിക്കൊണ്ടു കാററു വീശുന്നു; ഗംഭീരമായ ഇടിമുഴക്കത്താൽ ഭൂമി കലുങ്ങുന്നു. കാളീപ്രസാദൻ ക്ഷേത്രത്തിൻെറ നടയ്ക്കൽ ഇരുന്നു ബദ്ധാഞ്ജലിയായി ആകുലഭാവത്തോടെ ദേവിയെ പ്രാൎത്ഥിക്കുകയും, ഇടക്കിടയ്ക്കു്, ക്ഷേത്രത്തിനെതൊട്ടു് അധികം അകലെയല്ലാതുള്ളതും രോഗിണി കിടക്കുന്നതുമായ മുറിയുടെ നേരെ പരിഭ്രമത്തോടുകൂടി വീണ്ടും വീണ്ടും തിരിഞ്ഞു നോക്കുകയും ചെയ്യുന്നു.

പെട്ടെന്നു് ആൎത്തസ്വരത്തിലുള്ള ഒരു ക്രന്ദനം കേട്ടതുപോലെ അവനു തോന്നി. അവൻ ഞെട്ടലോടെ പിന്തിരിഞ്ഞുനോക്കി. ക്ഷേത്രത്തിൻെറ ഉടമ

സ്ഥൻ ആ കൊടുങ്കാററത്തും ആ മഴയത്തും സാഗ്രഹം വിട്ടു് ഉന്മത്തപ്രവേഷത്തിൽ ഓടിപ്പോകുന്നതായിട്ടാണു് അവൻ കണ്ടതു്. അവൻ അമ്പുപോലെ പാഞ്ഞുചെന്നു് അദ്ദേഹത്തിൻെറ കൈയ്ക്കു് കടന്നുപിടിച്ചുകൊണ്ടു് "മേഘമാലാ" എന്നു ഉച്ചരിച്ചു.

ദേവീപ്രസന്നൻ കുമാരൻെറ പിടിയിൽനിന്നു കൈ വിടുത്തുവാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു—"വിടു്, കൈ വിടു്, ഞാൻ സ്വപ്നം കണ്ടിരിക്കുന്നു." അദ്ദേഹം ഉന്മത്തനായിരിക്കുന്നു എന്നു് കുമാരനു മനസ്സിലായി. അവൻ ചോദിച്ചു:— "എന്തു സ്വപ്നം?"

അദ്ദേഹം വീണ്ടും പറഞ്ഞു:— "വിടു് വിടു്; ഞാൻ അന്വേഷിപ്പാൻ പോകുന്നു."

"ആരെ?"

"ആക്കു ഞാൻ ആപത്തു വരുത്തിക്കൂട്ടിയോ അവരെ?"

"ആക്കു്? എന്താപത്തു വരുത്തിക്കൂട്ടി?"

"ഈ ക്ഷേത്രത്തിൻെറ ഉടമസ്ഥന്മാർ വാസ്തവത്തിൽ ആരായിരുന്നുവോ, വഞ്ചന പ്രയോഗിച്ചു് സർവ്വസ്വവും അപഹരിച്ചു് ആരെ ഞാൻ ആട്ടിപ്പുറത്താക്കിയോ, അവരെ അന്വേഷിക്കുവാൻ പോകുന്നു. ഹാ! ഹാ! ഭാര്യയും ഭർത്താവും തങ്ങളുടെ കൊച്ചുകുഞ്ഞിനേയും എടുത്തുകൊണ്ടു് അസഹായരായി വഴിച്ചിലവിനു്— ഒരു നേരത്തേവകയ്ക്കുപോലും— ഒന്നുമില്ലാതെ അന്നുരാത്രി എവിടേയോ ഓടിപ്പോയ്ക്കളഞ്ഞു. അതിൽ പിന്നെ കാണുകയുണ്ടായിട്ടില്ല. കൈ വിടൂ—!"

"ഇപ്പോൾ അവരെ എവിടെ കാണും?"

"അയ്യോ! കഷ്ടം! ആ പാപത്തിൻെറ ശക്തിയാൽ എൻെറ വകയായിട്ടുള്ള സകലവും ചാമ്പലായി. എല്ലാം പൊയ്പ്പോയി; ആരുമില്ല. "മേഘ" ഒരുവൾ മാത്രം ശേഷിച്ചു— എന്നെ വിട്ടു കുഞ്ഞേ? ഞാൻ അന്വേഷിച്ചുകൊണ്ടുവരാം!!

"അവരെ ഇപ്പോൾ എവിടെ കണ്ടെത്താനാണ്? അവർ ഈ ലോകത്തിൽ ഇല്ല"

"അല്ല അല്ല, ഉണ്ടു് ഉണ്ടു്; ദേവിയുടെ കല്പനപ്രകാരം അവനെ— ആ കൊച്ചുകുഞ്ഞിനെ— തിരഞ്ഞു കണ്ടുപിടിച്ചു ഞാൻ കൊണ്ടുവരും. അവൻെറ ശാപം തീൎന്നാൽ എൻെറ കുഞ്ഞു—മേഘ—രക്ഷപ്പെടും."

ഊക്കോടുകൂടി കൈകുതറി പിടിയിൽനിന്നു് വിടുത്തിക്കൊണ്ടു ക്ഷേത്രാധികാരി ഓടിക്കളഞ്ഞു.

കുമാരൻ വീണ്ടും മുമ്പിൽ ഓടിച്ചെന്നു് അദ്ദേഹത്തിൻെറ ഗതിയെ തടഞ്ഞു. ദേവീപ്രസന്നൻ പെട്ടെന്നു അവിടെ നിന്നുകൊണ്ടു് ചോദിച്ചു:— "നീ ആരു്?"

അവൻ മറുപടി പറഞ്ഞു:—"ഞാൻ തന്നെയാണു് ആ കുട്ടി ഇനി അന്വേഷിച്ചു പോകേണ്ട."

"നീ തന്നെയോ അവൻ? നിൻെറ ശാപംകൊണ്ടു് എൻെറ സൎവ്വസ്വവും നശിച്ചു." ദേവീപ്രസന്നൻ മോഹാലസ്യപ്പെട്ടു് നിലത്തുവീണു.

കുമാരൻെറ ഹൃദയം തകൎന്നു. അവൻ പറഞ്ഞു:— "ദേവീ! രക്ഷിക്കണേ! മുമ്പുണ്ടായിരുന്നതെല്ലാം തിരി

കെ കിട്ടണമെങ്കിൽ ഇനി ഞാൻ എന്താണ് ചെയ്യേണ്ടതു്? എൻെറ ജീവനെ സ്വീകരിച്ചുകൊണ്ട് എൻെറ പൂർവ്വപ്രാർത്ഥനയെ വിഫലീകരിക്കണമേ.!"

"അയ്യോ! മേഘലയും ഞങ്ങളെ വിട്ടുപോയേ!" എന്നൊരു ആർത്തനാദം പെട്ടെന്നു സമീപത്തിൽനിന്നു പുറപ്പെട്ടതു് അവൾക്കു കേൾക്കമാറായി.

കുമാരൻ വിദീർണ്ണഹൃദയനായി മിന്നൽപോലെ അവിടെനിന്നു പാഞ്ഞു ക്ഷേത്രത്തിനുള്ളിൽ കടന്നു് ദേവിക്കഭിമുഖമായി നിന്നു. ദേവീഹസ്തത്തിൽ തിളങ്ങിക്കൊണ്ടിരുന്ന മൂർച്ചയുള്ള ഖഡ്ഗത്തെ പെട്ടെന്നു് വലിച്ചെടുത്തു് വിഗ്രഹത്തെ ഛിന്നമസ്തകമാക്കിച്ചെയ്തുകൊണ്ട് അവൻ രൂക്ഷസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:—"അല്ലയോ പാഷണ്ഡി! രക്തപിപാസിനി! ഭൂമിയിലെ വൈരനിര്യാതനേച്ഛയും രക്തപിപാസയും ഇന്നു മുതൽ ഇല്ലാതെയാകട്ടേ!" ഇത്രയും പറഞ്ഞതിനു ശേഷം ആ നിശിതഖഡ്ഗത്തെ തൻെറ നെഞ്ചത്തു് പിടിവരെ കുത്തിയിറക്കിയിട്ടു് ആ ബാലൻ ദേവിയുടെ പാദങ്ങളിൽ കമിഴ്ന്നു വീണു. അവൻെറ വൈരനിര്യാതനേച്ഛ, ഇപ്രകാരം, ആത്മരക്തത്താൽ സഫലം— ശാന്തമായിത്തീർന്നു !!

---

# ക്ഷത്രിയൻെറ അശ്വം

## ഒന്നു്

ചക്രവത്തിയായ സിക്കന്ദർലോദിയുടെ അമാത്യനായ ആസഫ്ഖാൻ ഏതോ കാര്യംപ്രമാണിച്ചു് ബുന്ദിനഗരത്തിൽ താമസിക്കുന്നകാലത്തു് അവിടത്തെ മഹാരാജാവായ ദേവസിംഹൻെറ പാദാർ എന്നു പേരുള്ള വിശേഷപ്പെട്ട കുതിരയെ കാണുവാൻ ഇടയായി. ലക്ഷണംതികഞ്ഞ ആ കുതിരയുടെ അസാമാന്യമായ അഴകു കണ്ടു് അത്ഭുതപ്പെട്ടുപോയ അദ്ദേഹം ദില്ലിയിലേക്ക് മടങ്ങിച്ചെന്നപ്പോൾ കാലദോഷത്താൽ ആ വിവരം ചക്രവത്തിയോടു് ഉണത്തിക്കയുമുണ്ടായി. "അതുപോലത്തെ ഒരു കുതിര അവിടത്തെ അശ്വശാലയിൽപോലും കാണുകയില്ല." എന്നു് മുക്തകണ്ഠം അദ്ദേഹം അതിനെ പ്രശംസിച്ചുപറകകൂടി ചെയ്തു. ചക്രവത്തി ഒരു കുതിരഭ്രാന്തനായിരുന്നു. അനവധി പണം ചെലവാക്കി ദൂരദിക്കുകളിൽനിന്നുപോലും അദ്ദേഹം നല്ലനല്ല കുതിരകളെ വിലയ്ക്കുവാങ്ങി നാട്ടിൽ കൊണ്ടുവന്നു സൂക്ഷിക്കാറുണ്ടു്. അതിനാൽ തൻെറ അശ്വശാലയിൽപോലും അത്തരം കുതിരയില്ല എന്നു മന്ത്രി പറഞ്ഞതു തീരെ അസംഭവവും അവാസ്തവവുമാണെന്നുതോന്നുകയാൽ അദ്ദേഹം അത്യന്തം ക്രുദ്ധനാവുകയും അക്കാര്യത്തിൽ തനിക്കു ശരിയായ തെളിവുതരണമെന്നു മന്ത്രിയോടു കക്കശ

മായി കല്പിക്കയും ചെയ്തു. ദേവസിംഹനെ ക്ഷണിച്ചു കൊണ്ടുവരുന്നതിനായി സദസ്യരിൽ ഒരാളായ മഹമ്മദ്ഖാനെ ബുന്ദിയിലേക്കു് ഉടനെതന്നെ പറഞ്ഞയക്കുകയും ഉണ്ടായി.

ചക്രവർത്തിയായ സിക്കന്ദർലോദി ഒരു ദിവസം അമാത്യവർഗ്ഗങ്ങളാൽ പരിവേഷ്ടിതനായി സുവർണ്ണസിംഹാസനത്തിന്മേൽ അധിരോഹണം ചെയ്തു്, ഇരുപുറവും നിന്നു ഭൃത്യന്മാർ വീശുന്ന വെൺചാമരങ്ങളിൽനിന്നു പുറപ്പെടുന്ന ഇളങ്കാറ്റേറ്റു് സുഖിച്ചും, സ്തുതിപാഠകന്മാരുടെ സ്തുതികളും പാരിഷദന്മാരുടെ പ്രിയവാക്കുകളും കേട്ടു രസിച്ചും ഇരിക്കുന്ന അവസരത്തിൽ മഹമ്മദ്ഖാൻ അവിടെ കയറിച്ചെന്നു വിധിപ്രകാരം അഭിവാദനം ചെയ്തു് ചക്രവർത്തിയുടെ സിംഹാസനത്തിനു സമീപത്തിലായി നിലകൊണ്ടു. "എന്താ മഹമ്മദ്, ബുന്ദിരാജാവിനെ ക്ഷണിക്കുവാൻ പോയിട്ടു് എന്തായി?"

മഹമ്മദ്:— "ഇവിടന്നു തന്നയച്ച ഉപഹാരസാധനങ്ങൾ താൻ ആശിക്കാത്ത തരത്തിലുള്ള ഒരു ബഹുമാനമായി കരുതി അദ്ദേഹം സസന്തോഷം സ്വീകരിക്കുകയും തന്നെ ഇങ്ങനെ അനുഗ്രഹിച്ചതിൽ കൃതജ്ഞത പ്രകടിപ്പിക്കയും ചെയ്തു. അവിടത്തെ ആദേശം അനുസരിച്ചു് അദ്ദേഹം ഉടനെ ഇവിടെ വന്നെത്തുന്നതാണു്."

ചക്രവർത്തി:— (അമാത്യനായ ആസഫ്ഖാന്റെ നേരെ നോക്കിക്കൊണ്ടു്) "എന്താ ആസഫ്

ഖാൻ, ബുന്ദിരാജാവിൻെറ കുതിരയെ കാണ്മാൻ ഇനി അധികം താമസമില്ല. ഇപ്പോഴും നിങ്ങളുടെ അഭിപ്രായത്തിന്ന് ഇളക്കമൊന്നുമില്ലേ?"

ആസഫ്ഖാൻ:— (തലയാട്ടിക്കൊണ്ടു്) "പ്രഭോ, ഈ ദാസൻെറ ധാർഷ്ട്യം ക്ഷമിക്കണം. പ്രാണൻ പോയാലും ശരി, ഞാൻ പറഞ്ഞ വാക്കിന്ന് ഇളക്കമില്ല. അതുപോലത്തെ കുതിര ഒരൊററ എണ്ണംപോലും അങ്ങയുടെ അധീനതയിലില്ല."

ചക്രവർത്തി:— "എൻെറ പ്രിയപ്പെട്ട നവാബും അതിന്നു കിടപിടിക്കയില്ലെന്നോ!"

ആസഫ്ഖാൻ:— നിഷേധാർത്ഥത്തിൽ തലയാട്ടിയിട്ടു്) "ഇല്ല."

ചക്രവർത്തി:— "പാരസികരാജാവു് കഴിഞ്ഞ കൊല്ലത്തിൽ നമുക്കു സമ്മാനമായിത്തന്ന കുതിരയെ കണ്ടിട്ടുണ്ടോ?"

ആസഫ്ഖാൻ:— "ഉവ്വ്, അവിടത്തെ കുതിരകളെ എല്ലാം, ഒന്നൊഴിയാതെ, ഞാൻ കണ്ടിട്ടുണ്ടു്. അവയിലൊന്നും തന്നെ ബുന്ദിരാജാവിൻെറ കുതിരയോടു കിടപിടിക്കുന്നതല്ല."

ചക്രവർത്തി:— "ആട്ടേ, താമസിയാതെ കാണാമല്ലോ. എന്നാൽ ഒരു കാര്യം നിങ്ങൾ ധരിച്ചിരിക്കണം നിങ്ങളുടെ വാക്കു തെററിപ്പോകുന്നപക്ഷം മരണമാണ് നിങ്ങൾക്കു ശിക്ഷ."

ആസഫ്ഖാൻ:— "അവിടത്തെ ഇഷ്ടംപോലെ."

## രണ്ട്

ബുന്ദിരാജാവായ ദേവസിംഹൻ ദില്ലിയിൽ എത്തിയിട്ട് രണ്ടു ദിവസമായി. ചക്രവൎത്തി അദ്ദേഹത്തെ യഥോചിതം സൽക്കരിച്ചു ബഹുമാനിക്കുന്നുണ്ട്. ഉദ്യോഗസ്ഥപ്രധാനികൾ—ഒരാളല്ലെങ്കിൽ മറെറാരാൾ— നിത്യവും വന്ന് അദ്ദേഹത്തിൻെറ സുഖസൌകൎയ്യങ്ങളെ അന്വേഷിച്ചുപോകാറുണ്ട്. ഒരു ദിവസം ഒരു ഭൃത്യൻ വന്ന് അമാത്യനായ ആസഫ് ഖാൻ അദ്ദേഹത്തെ കാണ്മാൻ കാത്തുനില്ക്കുന്ന വിവരം രാജാവിനെ അറിയിച്ചു. ഉടനെ കൂട്ടിക്കൊണ്ടു ചെല്ലുവാൻ അദ്ദേഹം ഭൃത്യനോടു കല്പിക്കയും ചെയ്തു.

ആസഫ്ഖാൻ രാജാവിൻെറ മുമ്പിൽചെന്ന് യഥോചിതം അഭിവാദനം ചെയ്തിട്ട് ഇങ്ങനെ പറഞ്ഞു:— "ചക്രവൎത്തിതിരുമനസ്സുകൊണ്ട് അവിടത്തെ ആഗമനത്തിൽ അത്യന്തം സന്തുഷ്ടനായിരിക്കുന്നു. അവിടത്തെ സുഖസൌകൎയ്യങ്ങൾക്കു വല്ല കുറവും നേരിടുന്നുണ്ടോ എന്ന് അറിയുവാൻ എന്നെ കല്പിച്ചയച്ചിരിക്കയാണ്."

രാജാവ്:— "ചക്രവൎത്തിയുടെ കൃപകൊണ്ട് എനിക്കിവിടെ യാതൊരു കഷ്ടപ്പാടും നേരിടുന്നില്ല. അദ്ദേഹത്തിൻെറ സാദരസൽക്കാരങ്ങൾക്കു ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു."

ആസഫ്ഖാൻ:— "അവിടത്തെ വിശേഷപ്പെട്ട കുതിരയെക്കണ്ടിട്ട് തിരുമനസ്സുകൊണ്ടു മതിമയങ്ങിപ്പോയി എന്ന് ഉണൎത്തിക്കയുണ്ടായി."

ബുന്ദിരാജാവിൻെറ ഏററവും പ്രിയപ്പെട്ട ഒരു ധനമാണ് പാഥാർ അതിനെ പ്രശംസിക്കുന്നതു കേട്ടിട്ട് അദ്ദേഹം വളരെ സന്തോഷിച്ചു

രാജാവ്:— "അതും ചക്രവത്തിയുടെ അനുഗ്രഹമെന്നേ ഞാൻ കരുതുന്നുള്ളു."

ആസംഫഖാൻ:— "കുതിര തിരുമനസ്സിലേക്കു വളരെ പിടിച്ചു."

ഈ സൂചനയുടെ ആന്തരാത്ഥം ഗ്രഹിച്ച് ദേവസിംഹൻ കുതിരയെ ചക്രവത്തിക്കു സ്വയം സമ്മാനിക്കുമെന്നാണ് ആസഫ്ഖാൻ കരുതിയതു്. പക്ഷേ ആ വിചാരം അബദ്ധത്തിലായി. "നല്ല നോട്ടക്കാരൻെറ പ്രശംസയിലാണല്ലൊ രത്നത്തിൻെറ വിലകിടക്കുന്നതു്." എന്നാണ് രാജാവു അതിനു സമാധാനം പറഞ്ഞതു്.

അപ്പോൾ ആസഫ്ഖാനു കാൎയ്യം തുറന്നു പറയാതെ നിവൃത്തിയില്ലെന്നായി. അധോമുഖനായി തല ചൊറിഞ്ഞുകൊണ്ട് അദ്ദേഹം ഇങ്ങനെ അറിയിച്ചു:— "തിരുമനസ്സിലേക്ക് കുതിരയെ വിലക്കു കിട്ടിയാൽ കൊള്ളാമെന്നുണ്ടു്— വില എന്താണെന്നാണ് ഞാൻ അവിടെ ഉണർത്തിക്കേണ്ടതു്?"

രാജാവ്:— (കോപത്തോടുകൂടി) "ഞാൻ പാഥാറിനെ വിൽക്കുകയില്ലെന്ന് ചക്രവർത്തിയോടു ചെന്നു പറയൂ."

ആസഫ്ഖാൻ:— "മഹാരാജാവേ! ചക്രവത്തി തിരുമനസ്സിലെ അടുക്കൽ ഇത്തരം മറുപടി പറയു

ന്നതു ബുദ്ധിപൂർവ്വമായിരിക്കുമോ? സ്വമനസ്സാലെ കൊടുക്കാത്ത പക്ഷം ബലാൽക്കാരേണ കൈക്കലാക്കുവാൻ അദ്ദേഹത്തിനു ശക്തിയുണ്ടെന്നു് അവിടത്തേക്കു് അറിഞ്ഞുകൂടേ?"

ഈ അപമാന വാക്കുകൾ കേട്ടപ്പോൾ ക്ഷത്രിയ രക്തം തിളച്ചുപൊങ്ങി:— "ഈ ദേഹത്തിൽ പ്രാണനുള്ളിടത്തോളംകാലം ചക്രവർത്തിക്കു പാഥാറിനെ കിട്ടുകയില്ല. ക്ഷത്രിയൻ മരണത്തെ ഭയപ്പെടുകയില്ലെന്നു അദ്ദേഹത്തോടു ചെന്നു പറഞ്ഞേക്കൂ" എന്നു ദേവസിംഹൻ കൂസൽ കൂടാതെ മറുപടി പറഞ്ഞു

ആസഫ്ഖാൻ:— (ചിരിച്ചുകൊണ്ടു്) "ദേഹത്തിൽ പ്രാണനുള്ളിടത്തോളംകാലം അങ്ങു പാഥാറിനെ വിട്ടുകൊടുക്കുകയില്ലായിരിക്കാം. എന്നാൽ എത്ര നേരത്തേക്കാണു് ആ പ്രാണൻ ദേഹത്തിൽ നില നില്ക്കാൻ പോകുന്നതെന്നു് അങ്ങോർത്തുവോ, മഹാരാജാവേ? സിംഹത്തിന്റെ ഗുഹയിൽ ഇരുന്നുകൊണ്ടു സിംഹത്തോടു മല്ലിടുക സാദ്ധ്യമാണോ? എന്തിനു വെറുതെ പ്രാണനാശത്തിനിടയാക്കുന്നു? അവിടന്നു് അല്പംകൂടി ആലോചിച്ചിട്ടു് ഉത്തരം പറഞ്ഞാൽ മതി"

ആസഫ്ഖാൻ പറഞ്ഞതു വാസ്തവമാണെന്നു ബുന്ദിരാജാവിനു ബോദ്ധ്യമായി. എന്താണു് ചെയ്യേണ്ടതെന്നു് അദ്ദേഹം ആലോചന തുടങ്ങി. അദ്ദേഹം മിണ്ടാതിരിക്കുന്നതു കണ്ടിട്ടു്, കുറെ നേരം കഴിഞ്ഞപ്പോൾ, ആസഫ്ഖാൻ വീണ്ടും ഇങ്ങനെ ചോദിച്ചു:—

"മഹാരാജാവേ, ചക്രവർത്തി തിരുമനസ്സിലെ അടുക്കൽ ഞാൻ എന്താണു് ചെന്നുണർത്തിക്കേണ്ടതു്!"

ദേവസിംഹൻ:— "ആട്ടെ, പതിനഞ്ചു ദിവസത്തിനുള്ളിൽ ഞാൻ കുതിരയേയും കൊണ്ടു സ്വയം ചക്രവർത്തിയുടെ അടുക്കൽ ഹാജരായിക്കൊള്ളാം"

## മൂന്നു്

മന്ത്രി മടങ്ങിപ്പോയി. ദേവസിംഹൻ വിഷണ്ണമനസ്കനായി ആത്മരക്ഷയ്ക്കുള്ള ഉപായം എന്താണെന്നു് ആലോചിക്കുവാൻ തുടങ്ങി. തൻെറ പ്രാണനേക്കാൾ പ്രിയപ്പെട്ട പാഥാറിനെ വിട്ടുകൊടുക്കുവാൻ മനസ്സൊരിക്കലും അനുവദിക്കുന്നില്ല. കൊടുക്കാതിരുന്നാൽ എന്താണു് നിവൃത്തി? സ്വമനസ്സാലെ കൊടുക്കാത്തപക്ഷം ബലാൽക്കാരമായി കൈക്കലാക്കുമെന്നു് ആസഫ്ഖാൻ തീർത്തുപറഞ്ഞിട്ടുമുണ്ടു്. സിംഹത്തിൻെറ വായിലാണു് താൻ ചെന്നു കുടുങ്ങിയിരിക്കുന്നതു്. രക്ഷയ്ക്കു യാതൊരു ഉപായവും കാണുന്നില്ല. പാഥാറിനേയുംകൊണ്ടു തനിച്ചു് ആരുമറിയാതെ ഒളിച്ചോടി രക്ഷപ്പെടാൻ തനിക്കു സാധിക്കും. പക്ഷെ അങ്ങനെയായാൽ തൻെറ പുത്രനായ സമഷ്ടികുമാരൻെറ ദശ എന്തായിരിക്കും? തൻെറ സൈന്യങ്ങളുടെ കഥയും എന്തായിരിക്കും? ചക്രവത്തിയുടെ ക്രോധാഗ്നിയിൽനിന്നു് അവക്കു രക്ഷകിട്ടുമോ? അവരുടെ രക്ഷയ്ക്കുള്ള ഉപായം കണ്ടുപിടിക്കുവാനാണ് അദ്ദേഹം

പതിനഞ്ചുദിവസത്തെ അവധി ആവശ്യപ്പെട്ടതു്. വളരെ ആലോചിച്ചിട്ടും അദ്ദേഹത്തിനു യാതൊരു ഉപായവും കണ്ടുപിടിക്കുവാൻസാധിച്ചില്ല. അദ്ദേഹം നിരാശനായി ബുദ്ധികെട്ടവനെപ്പോലെ ഇരുന്നുപോയി. രാജകുമാരനായ സമഷ്ടി ആ അവസരത്തിൽ അവിടെ കയറിച്ചെന്നു് അദ്ദേഹത്തോടിങ്ങനെ അറിയിച്ചു:—"അച്ഛാ, ചക്രവർത്തിയുടെ പുത്രൻ വിവാഹത്തിനായി വിദേശത്തിലേക്കു പോവുകയാണ്. കൂടെ ചെല്ലുവാൻ എന്നോടും ആവശ്യപ്പെട്ടിട്ടുണ്ടു്."

ഈ വാക്കുകൾ കേട്ടപ്പോൾ ദേവസിംഹൻെറ മുഖം പെട്ടെന്നു് പ്രഫുല്ലമായിത്തീൎന്നു. "എന്നാണു് യാത്ര? വിവാഹം എപ്പോഴാണ്?" എന്നു് അദ്ദേഹം സോൽകണ്ഠം ചോദിച്ചു.

കുമാരൻ:— "വിവാഹത്തിനു് ഇനിയും ഒരു മാസമുണ്ടു്. പതിനഞ്ചു ദിവസത്തിനുള്ളിലായി ഇവിടെനിന്നും പുറപ്പെടേണ്ടിവരും."

രാജാവിൻെറ നിരാശമായ ഹൃദയത്തിൽ ആശയുടെ വെളിച്ചം വീശി. മുഖം പ്രഫുല്ലമായിത്തീൎന്നു. രക്ഷയ്ക്കുള്ള മാൎഗ്ഗം അദ്ദേഹം കണ്ടെത്തി. ആസഫ് ഖാൻ മുഖാന്തരം ചക്രവത്തി ചെയ്ത നീചപ്രസ്താവത്തിൻെറ വിവരം ആദ്യംമുതൽ അവസാനംവരെ പുത്രനെ പറഞ്ഞു ധരിപ്പിച്ചതിനുശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു:— "വത്സ! ചക്രവത്തിയുടെ പുത്രൻ നിന്നെ കൂട്ടിക്കൊണ്ടു പോകുവാൻ ആവശ്യപ്പെട്ടതു് ഈശ്വരവിലാസമാണു്. അങ്ങനെ സംഭവിച്ചിരുന്നി

ല്ലെങ്കിൽ നമുക്കു രക്ഷപ്പെടാൻ യാതൊരു മാർഗ്ഗവും ഉണ്ടാകുമായിരുന്നില്ല. നീ നമ്മുടെ സൈന്യത്തിലെ അധികഭാഗവും കൂട്ടിക്കൊണ്ടു് യുവരാജാവിൻെറകൂടെ പോവുക. ശേഷിച്ച സൈന്യങ്ങൾ മുസൽമാൻവേഷം ധരിച്ചു് വിവാഹഘോഷയാത്രയിൽ പങ്കുകൊണ്ടു നഗരത്തിനു വെളിയിൽ കടക്കട്ടെ. അതിനുശേഷം ഞാൻ എൻെറ വാക്കിനെ നിറവേററി നിങ്ങളുടെ കൂടെ എത്തിക്കൊള്ളാം."

## നാലു്

ദേവസിംഹൻെറ പുത്രനും സൈന്യങ്ങളും ചക്രവർത്തികുമാരനൊരുമിച്ചു് ആ നഗരംവിട്ടു പൊയ്ക്കഴിഞ്ഞു. വേണമെങ്കിൽ ദേവസിംഹനും ഓടിപ്പോകാമായിരുന്നു. പക്ഷെ പതിനഞ്ചുദിവസത്തിനുള്ളിൽ കുതിരയെയുംകൊണ്ടു് താൻ ചക്രവർത്തിയുടെ മുമ്പിൽ ഹാജരായിക്കൊള്ളാമെന്നു് അദ്ദേഹം ചക്രവർത്തിയോടു് വാക്കു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു് പ്രാണാധികപ്രിയനായ പാഠാറിനോടുംകൂടി അദ്ദേഹം ആ നഗരത്തിൽതന്നെ ബദ്ധനെന്നോണം താമസിക്കേണ്ടിവന്നതു്. ഇന്നിതാ അദ്ദേഹം തൻെറ പ്രതിജ്ഞയെ പാലിക്കുവാനായി പാഠാറിൻെറ പുറത്തുകയറി ചക്രവർത്തിയുടെ അരമനയിൽ എത്തിയിരിക്കുന്നു. "കുതിരയേയുംകൊണ്ടു് ബുന്ദിരാജാവു് മുഖം കാ

ണിക്കുവാൻ വന്നിരിക്കുന്നു എന്നു ചക്രവത്തിയോട്ട് ചെന്നു പറയൂ." എന്നു് പുറത്തുനില്ക്കുന്ന കാവല്ക്കാര നോട്ട് അദ്ദേഹം പറഞ്ഞയച്ചു.

ചക്രവത്തിയും ബുന്ദിരാജാവിൻെറ വരവിന്നു ഔൽസുക്യപൂവ്വം കാത്തുകൊണ്ടിരിക്കയായിരുന്നു. പാഥാറിനെ കണ്ടതുമുതൽ അതിനെ കൈക്കലാക്കുവാൻ അദ്ദേഹം നോമ്പുനോററിരിക്കയാണു്. ആസഫ്ഖാൻ പറഞ്ഞതു പരമാത്ഥമാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. വാസ്തവത്തിൽ അതിനു തുല്യമായി അദ്ദേഹത്തിൻെറ അശ്വശാലയിൽ, ഒരൊററ കുതിര പോലും ഇല്ലായിരുന്നു. ദേവസിംഹൻ ആവശ്യപ്പെട്ട പതിനഞ്ചുദിവസത്തെ അവധി കഴിയുന്നതുവരെ കാത്തിരിക്കുവാൻപോലും അദ്ദേഹത്തിനു ക്ഷമയുണ്ടായിരുന്നില്ല. അതു കുറെ നീണ്ട അവധിയായിപ്പോയി എന്നു് അദ്ദേഹത്തിനു തോന്നി; എങ്കിലും ആസഫ്ഖാൻെറ നിർബ്ബന്ധപ്രകാരമാണു് അതുവരെ ക്ഷമിക്കാമെന്നു് അദ്ദേഹം നിശ്ചയിച്ചതു്. ഇന്നാണു് ഒടുവിലത്തെ ദിവസം. ഇനി ക്ഷമിച്ചിരിക്കുവാനുള്ള ധൈയ്യം അദ്ദേഹത്തിനില്ല. എപ്പോഴാണു് ദേവസിംഹൻ വരുന്നതു് എന്നു് നോക്കിക്കൊണ്ടുതന്നേയാണു് അദ്ദേഹം ഇരിക്കുന്നതു്. അപ്പോഴാണു് ഭൃത്യൻ വന്നു് ബുന്ദിരാജാവു് വന്നിരിക്കുന്ന വിവരം അറിയിച്ചതു്. ചക്രവത്തി മനസ്സിൽ ഒതുങ്ങാത്ത സന്തോഷത്തോടുകൂടി തന്നെത്താൻ അദ്ദേഹത്തെ എതിരേല്ക്കുവാനായി കോട്ടവാതില്ക്കലേക്കു ചെന്നുനിന്നു.

തനിക്കുവേണ്ടി ഇത്ര വലിയ ഒരു ത്യാഗത്തിനു സന്ന ദ്ധനായ ഒരാളോട് സ്വല്പമെങ്കിലും കൃതജ്ഞത കാണി ക്കേണ്ടതാണെന്നുള്ള വിചാരം സ്വാഭാവികമായി ആൎക്കും ഉണ്ടാകുന്നതാണല്ലോ.

ദേവസിംഹൻ:— (അഭിവാദ്യം ചെയ്തിട്ട്) "ഞാൻ എൻെറ പ്രതിജ്ഞ അനുസരിച്ച കുതിരയേ യുംകൊണ്ട് അങ്ങയുടെ അടുക്കൽ ഇതാ വന്നിരി ക്കുന്നു.''

ചക്രവൎത്തി:— (കോപനിറഞ്ഞ കണ്ണുകളാൽ കുതിരയുടെ നേരെ നോക്കിക്കൊണ്ട്) "അങ്ങയുടെ ഈ ഉപഹാരംകൊണ്ട് നമുക്കു വളരെ സന്തോഷമാ യി. നാം ഇതിനുപകരം അങ്ങയ്ക്കു യഥോചിതം സ മ്മാനം നൽകുന്നതാണ്. രാജപുത്താനയിലെ രാജാ ക്കന്മാരിൽ സ്ഥാനംകൊണ്ട് ഒന്നാമനായി നാം അ ങ്ങയെ കണക്കാക്കുന്നതാണ്."

ചക്രവൎത്തിയുടെ വാക്കുകളെ ശ്രദ്ധിക്കാതെ ദേവ സിംഹൻ ഇപ്രകാരം പറഞ്ഞു:— "അല്ലയോ സമ്രാട്ട്, ഞാൻ പറയുന്നതു് ഒന്നു ശ്രദ്ധിച്ച കേൾക്കുക. ഒരു രജപുത്രൻെറ അടുക്കൽ അശ്വം, അസി, അംഗന— എന്നീ മൂന്നു സാധനങ്ങളും ഒരിക്കലും ആവശ്യപ്പെട രുതു്. മേലാലെങ്കിലും ഇതു മനസ്സിലിരിക്കട്ടെ.'' ഇത്രയും പറഞ്ഞിട്ട് ദേവസിംഹൻ തൻെറ കുതിരയെ ഓടിച്ചുകൊണ്ട് നിമിഷനേരത്തിനുള്ളിൽ അവിടെ നിന്നും അന്തർദ്ധാനംചെയ്തു.

# എൻെറ അനുജൻ

## ഒന്നു്.

"ഇതുവരെ ഞാൻ അവനോടു യാതൊന്നും തുറന്നു പറഞ്ഞിട്ടില്ല. എൻെറ ഹൃദയത്തിൽ ആളിക്കത്തുന്ന തീയുടെ ഉഗ്രത ഈശ്വരനു മാത്രമേ അറിഞ്ഞുകൂടു. ആ കഥയോൎക്കുമ്പോൾ ഇപ്പോഴും ഉള്ളിൽ തിങ്ങുന്ന പ്രതീകാരേച്ഛ പാമ്പിനെപ്പോലെ പത്തിവിടൎത്തി ഭയങ്കരമായി ചീററിക്കൊണ്ടു ശാപവിഷത്തെ വമിക്കാറുണ്ടു്. എന്തിനു വെറുതേ ആ ദാരുണസംഭവത്തെ അവനെ അറിയിച്ചു് ആ ബാലഹൃദയത്തിലെ സമാധാനത്തെക്കൂടി ഞാൻ നശിപ്പിക്കുന്നു? പൊയ്പ്പോയതു് ഇനി ഏതായാലും തിരികെ കിട്ടുകയില്ല. ഞങ്ങളുടെ ഈ ദുൎദ്ദശയ്ക്കു കാരണഭൂതനായ ആളാകട്ടെ ഞങ്ങളുടെ പ്രതികാരത്തിനു പാത്രമായിത്തീരുവാൻ സാധിക്കാത്തവിധത്തിലുള്ള ഒരു നിലയിലുമായിപ്പോയി. പിന്നെ എന്തിനു ആ കഥയെല്ലാം അവനെക്കൂടി അറിയിച്ചു് ഈ കുടുംബവൈരത്തിൻെറ വിഷം അനാവശ്യമായി അവൻെറ ഹൃദയത്തിലും കുത്തിവെയ്ക്കുന്നു? അതുകൊണ്ടു ലോകത്തിൽ ആൎക്കും ഒരുപയോഗവുമില്ല. ഇതെല്ലാമാലോചിച്ചിട്ടാണു് ഇതുവരെ ഇക്കാൎയ്യത്തെപ്പററി യാതൊന്നും ഞാൻ അവനോടു പറയാതിരുന്നതു്. പക്ഷേ ഇനി പറയാതെ ഗത്യന്തരമില്ല.

ഞങ്ങളുടെ സ്വന്തം നാട്ട് ആലുവമാണ്. എന്നാൽ ഞങ്ങൾ—ഇരുസഹോദരന്മാരും—ഇപ്പോൾ താമസിക്കുന്നതു കല്ക്കത്തായിലാകുന്നു. എനിക്കു ചെറിയൊരു ഉദ്യോഗമുണ്ട്. സുബോധൻ സ്കൂളിൽ പഠിക്കുകയുമാണ്. എൻട്രൻസ് (Entrance) ക്ലാസിൽ എത്തുന്നതുവരെ സുബോധൻ പഠിപ്പിൽ വളരെ ജാഗ്രത കാണിച്ചിരുന്നു. എന്നാൽ എൻട്രൻസ് ക്ലാസിൽ കാലെടുത്തുവെച്ചതോടുകൂടി അവന്റെ മട്ടെല്ലാം മാറി. അവനെ ഒരു ഭൂതംവന്നു പിടികൂടി. ഭൂതം എന്നു പറഞ്ഞതുകൊണ്ട് മരിച്ച ആളുകളുടെ വല്ല ആത്മാവുമാണെന്നു തെററിദ്ധരിക്കരുത്. ഞങ്ങളുടെ ബന്ധുവർഗ്ഗത്തിൽത്തന്നെപെട്ട ഭ്രാതൃസ്ഥാനീയനായ കൃഷ്ണനാഥൻ എന്ന ജീവനുള്ള ഭൂതമാണ് അവനെ വന്നു ബാധിച്ചതു്. കാലു എന്നുകൂടി വിളിച്ചുവന്നിരുന്ന കൃഷ്ണനാഥൻ പഠിക്കുവാൻ എന്ന പേരുംപറഞ്ഞു നാടുവിട്ടു കൽക്കത്തെയിലെത്തി മെസ്സിൽ ചേൎന്നതോടുകൂടി സുബോധൻ പിന്നെ 'സുബോധ'നല്ലാതായി. അവന്റെ ബുദ്ധിയും സ്വഭാവവുമെല്ലാം തീരെ കെട്ടുപോയി. ആദ്യം, ഞാൻ ആഫീസിൽ നിന്നു വരുമ്പോഴെല്ലാം സുബോധനെ വീട്ടിൽ കാണുക പതിവായിരുന്നു. സന്ധ്യയ്ക്കു വിളക്കുവെച്ചാൽ ഉടനെ അവൻ മേശയ്ക്കരികെ ഇരുന്നു തന്റെ പാഠങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കും. ആ കാഴ്ച കാണുമ്പോൾ പകൽ മുഴവൻ ജോലിചെയ്തതുകൊണ്ടുള്ള ക്ഷീണമെല്ലാം ഞാൻ മറക്കും; നൂതനമായ ഒരുന്മേഷവും സംതൃപ്തിയും എന്റെ ഹൃദയത്തിൽ അങ്കുരിക്കുകയും ചെയ്യും. എന്നാൽ ഉദ്ദേശം ഒരുകൊല്ല

ത്തോളമായി ആ പതിവെല്ലാം മാറിയിരിക്കുകയാണ്. എട്ടുമണിക്കു മുമ്പായി അവനിപ്പോൾ വീട്ടിൽ മടങ്ങി വരാറില്ല. ചില ദിവസങ്ങളിൽ അതിലും വൈകാറുണ്ട്. ഞാൻ വളരെയെല്ലാം ഗുണദോഷിച്ചു; ധാരാളം ശകാരിച്ചു. എന്നിട്ടും പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. ഞാൻ വല്ലാതെ ദേഷ്യപ്പെടുകയാണെങ്കിൽ അവനിങ്ങനെ സമാധാനം പറയും:— "ഞങ്ങൾ നാലഞ്ചു പേർ ഒന്നിച്ചിരുന്നു വായിക്കയാണ്. അങ്ങിനെയായാൽ ഒററക്കിരുന്നു വായിക്കുന്നതിനേക്കാൾ പഠിപ്പിനു ഗുണം കൂടും. അതിൽ ചേട്ടനെന്തിനാണ് ദേഷ്യപ്പെടുന്നതു്? ഞാൻ പരീക്ഷയിൽ തോററുപോവുകയാണെങ്കിൽ അപ്പോൾ ചേട്ടനെന്നെ ശകാരിച്ചോളൂ."

സ്വന്തം സഹോദരൻെറമേൽ നിർബ്ബന്ധപൂർവ്വം ശാസന പ്രയോഗിക്കുവാൻ ഞാൻ ശക്തനായില്ല. എൻെറ ദേഷ്യമെല്ലാം അവനെ ബാധിച്ച ആ ഭൂതത്തിൻെറ പേരിലാണ് ചെന്നുകൂടിയതു്. അവൻെറ പേരു കേൾക്കുമ്പോൾത്തന്നെ എനിക്ക് എന്തെന്നില്ലാത്ത കലികേറും. പക്ഷെ ഭാഗ്യംകൊണ്ടോ ദുർഭാഗ്യംകൊണ്ടോ—എന്തുകൊണ്ടെന്നറിഞ്ഞുകൂടാ—അവനെൻെറപിടിയിൽ അകപ്പെടാതെ ഒഴിഞ്ഞുമാറി നടക്കുകയാണു ചെയ്യുതു്. മെസ്സിൽപ്പോയി അന്വേഷിക്കുകയാണെങ്കിൽ അവിടെയും ആ പിഴച്ചവനെ കണ്ടെത്തുകയില്ല. എന്തുചെയ്യാം!

ഇങ്ങനെ അസ്വാസ്ഥ്യഹൃദയനായി കഴിയുമ്പോഴാണ്, കുനിന്മേൽ കുരു എന്നപോലെ, സുബോധൻ

പരീക്ഷയിൽ തോററ എന്ന വൎത്തമാനം എനിക്കറി
വു കിട്ടിയതു്. അന്നു് എന്റെ ധൈൎയ്യമെല്ലാം പൊ
യ്പോയി. മനസ്സിനെ പിടിച്ചടക്കുവാൻ എനിക്കു
കഴിയാതായി. അവനോട്ടു് എല്ലാ സംഗതികളും തു
റന്നു പറയാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ലെ
ന്നുവന്നു. ഹാ! കഷ്ടം!! അതിന്റെ ഫലം ഇത്തര
ത്തിലായിത്തീരുമെന്നു് ആരറിഞ്ഞു!!! ഞാൻ ഞങ്ങ
ളുടെ പൂൎവ്വചരിത്രത്തെപ്പററി ഇങ്ങനെ അവനെ അറി
യിച്ചു:- "നമ്മുടെ ഇളയച്ഛനും ബന്ധുവുമായ രമാനാ
ഥനെ നീ അറിയുമല്ലോ. രാജകൊട്ടാരംപോലെയു
ള്ള മണിമേട,വെള്ളിപ്പാത്രങ്ങൾ, ദേവതാമന്ദിരങ്ങൾ,
മാസംതോറും നാടടച്ചു പൊടിപൊടിച്ച സദ്യകൾ,
പ്രജകളുടെമേൽ അതിരററ സ്വാധീനശക്തിയും
രാജാവിന്റെ സ്നേഹവും സമ്പാദിക്കുന്നതിനു സഹാ
യിച്ച പണപ്പൊലിമ എന്നിങ്ങനെ വലിയ അവസ്ഥ
യിൽ കഴിഞ്ഞുകൂടുന്ന ആ യോഗ്യൻ നമ്മുടെ രക്തം
വലിച്ചുകുടിച്ചിട്ടാണു് ഈ നിലയിലെത്തിയതെന്നു
ള്ള കഥ നിനക്കറിഞ്ഞുകൂടാ. നിന്റെ ആത്മമിത്ര
മായ ആ കൃഷ്ണനാഥനില്ലേ, അവൻ ആ നരപിശാചി
ന്റെ—ആ ചണ്ഡാളന്റെ—പുത്രനാണു്. അച്ഛന്റെ
കടിയും മാന്തലും കഴിഞ്ഞു; രക്തത്തിന്റെ വല്ല ലാ
ഞ്ഛനയും നമ്മളിൽ ഇനിയും ശേഷിച്ചിട്ടുണ്ടെങ്കിൽ
അതുകൂടി വലിച്ചെടുക്കുവാനാണു് മകൻ ഇപ്പോൾ നി
ന്റെ പുറകെ കൂടിയിരിക്കുന്നതു്. സൂക്ഷിച്ചിരുന്നാ
ൽ നന്നു്. ഞാൻ പറഞ്ഞില്ലെന്നുവേണ്ട."

ഭ്രാന്തനെപ്പോലെ ക്ഷുബ്ധഹൃദയനായിട്ടാണു് ഞാനിതെല്ലാം പറഞ്ഞുതീർത്തതു്. എൻെറ വാക്കുകൾ സുബോധൻെറ മനസ്സിൽ എങ്ങിനെയാണു് പതിയുന്നതെന്നു സൂക്ഷിക്കുവാനുള്ള അവസരവും ക്ഷമയും എനിക്കപ്പോൾ ഇല്ലായിരുന്നു. ഞാൻ പറയുന്നതെന്താണെന്നു് എനിക്കുതന്നെ നല്ലവണ്ണം ഗ്രഹിക്കുവാൻ സാദ്ധ്യമല്ലായിരുന്നു. കെട്ടിനിറുത്തപ്പെട്ട വെള്ളം അണപൊട്ടി പ്രബലവേഗത്തിൽ പ്രവഹിക്കുന്നതുപോലെയായിരുന്നു എൻെറ അപ്പോഴത്തെ പ്രസംഗം.

ഒരൊററശ്വാസത്തിൽ ഇത്രയും പറഞ്ഞുതീർത്തതിനു ശേഷം ശ്വാസമൊന്നു നേരെവിടുവാനായി ഞാൻ അല്പം നിറുത്തിയപ്പോൾ, "പക്ഷെ അവനെന്തു പിഴച്ചു? അവനെന്താണുപിഴച്ചതു്?" എന്നുള്ള ചോദ്യങ്ങൾ സുബോധനിൽനിന്നും തുടരെത്തുടരെ പുറപ്പെട്ടു. ഞാൻ അത്ഭുതത്തോടെ അവൻെറ മുഖത്തേക്കു തുറിച്ചു നോക്കിക്കൊണ്ടുനിന്നുപോയി. അവൻെറ ചോദ്യത്തിൻെറ അർത്ഥം വ്യക്തമായി ഗ്രഹിക്കുവാൻ എനിക്കു സ്വല്പസമയം വേണ്ടിവന്നു. ഉടനെ എൻെറ അടിതൊട്ടു മുടിവരെ സിരകളിൽക്കൂടെ ഒരു വിദ്യുത് പ്രവാഹമുണ്ടായി. കോപത്താൽ ഞാൻ അന്ധനായിതീർന്നു:— "അയ്യ! അവനുണ്ടോ വല്ലതുംപിഴച്ചു! അവൻ മര്യാദക്കുട്ടൻ! അവൻെറ അച്ഛൻ തീവെട്ടിക്കൊള്ളചെയ്തു പണം സമ്പാദിച്ചുകൊണ്ടുവന്നു; അവൻ സുഖമായിരുന്നു് അനുഭവിക്കുന്നു; അല്ലാതെന്താ? എന്തു മര്യാദക്കാരൻ!—ദ്രോഹി! പരമചണ്ഡാളൻ!!—"

അവൻ തലയും താഴ്ത്തി മിണ്ടാതെ നിന്നു. ഞാൻ തന്നെത്താൻ ഇങ്ങനെ തുടൎന്നു:— "റാസ്കൽ! അതുമാത്രമാണെങ്കിൽ പിന്നെയും സമാധാനമുണ്ടായിരുന്നു. നമ്മളുടെ സ്വത്തെല്ലാം അനുഭവിച്ചതുകൊണ്ടുമാത്രം നിൻെറ ആ ആത്മസ്നേഹിതൻ അടങ്ങുവാൻ ഭാവമില്ല. നമ്മൾ എന്നെന്നും അവരുടെ അടിമകളായി അവരെ ആശ്രയിച്ചുതന്നെ ജീവിക്കുവാൻ ഇടയാകണമെന്നാണ് അവൻെറ മോഹം. അതാണ് നിൻെറ ഐഹികപാരത്രികങ്ങളെ നശിപ്പിക്കുവാൻവേണ്ടി നിൻെറ പുറകെ കൂടിയിരിക്കുന്നതു്. ഇതെല്ലാം അറിഞ്ഞുംകൊണ്ടു നീ ഇനിയും അവനുമായി കൂട്ടുകൂടുവാനാണ് ഭാവമെങ്കിൽ—അങ്ങനെയാകട്ടെ—ഇന്നുമുതൽ നീയായി, നിൻെറപാടായി. അതല്ല നീ നല്ലവഴിക്കു പോകാനാണ് വിചാരിക്കുന്നതെങ്കിൽ— നീ ഒരു മനുഷ്യനായി ജീവിക്കുവാനാണ് വിചാരിക്കുന്നതെങ്കിൽ— ഇതിനു പകരംവീട്ടാൻ വഴിയെന്തെന്നു നോക്കുക, അവൻെറ ചക്കരവാക്കുകേട്ടു്—"

ഇത്രയുമായപ്പോൾ എൻെറ വാക്കുകൾ പെട്ടെന്നു നിന്നു. അവൻെറ രണ്ടു കണ്ണുകളിൽനിന്നും അശ്രുബിന്ദുക്കൾ ഇററിററു വീഴുന്നതു് എനിക്കു കാണുവാൻ ഇടയായി. എന്തുമാത്രം തീവ്രമായ മനോവേദനയായിരിക്കണം അവനപ്പോൾ അനുഭവിച്ചിരുന്നതു!

അമ്മ എന്നോടു് ഈവക സംഗതികളെല്ലാം പറയുമ്പോൾ എനിക്കുണ്ടായിക്കൊണ്ടിരുന്ന മനോവേദ

നയെപ്പററി ഞാനപ്പോൾ ഓൎത്തു. സുബോധൻെറ ഹൃദയത്തിലും അപ്രകാരമുള്ള വേദനയാണു് ഇപ്പോഴുള്ളതെന്നു ഞാൻ ഗ്രഹിച്ചു. പ്രതികാരേച്ഛയാൽ അവൻെറ ഹൃദയം ജ്വലിക്കുന്നുണ്ടെന്നും അവൻെറ ഉള്ളിൽത്തന്നെ നടക്കുന്ന ആ പോരാട്ടത്തിൽ സ്നേഹിതനായ കൃഷ്ണനാഥനെ നിരപരാധിയാണെന്നു സ്ഥാപിക്കുവാൻ അവൻതന്നെ ശ്രമിക്കുന്നുണ്ടെന്നും ഞാൻ ഊഹിക്കാതിരുന്നില്ല.

ക്ഷണനേരത്തിനുള്ളിൽ അവൻെറ മനസ്ഥിതി എൻെറ ഹൃദയത്തിൽ പൂൎണ്ണമായി പ്രതിഫലിച്ചു. അവൻെറ മനോവേദന സ്വന്തമെന്നപോലെ എൻെറ ഹൃദയത്തിൽ അനുഭവപ്പെട്ടുവാൻ തുടങ്ങി. എൻെറ മനസ്സ് വ്യഥിതവും വ്യാകുലവുമായിത്തീൎന്നു.— പക്ഷെ മാൎഗ്ഗമെന്തു്?— ആ മനോവേദനയിൽനിന്നു് അവനു മോചനം നൽകുവാൻ നിവൃത്തിയില്ല. അതു് അവനു നന്മയ്ക്കാണു്. ഞാൻ അത്യന്തം ദൃഢതയോടുകൂടി ഇങ്ങനെ പറഞ്ഞു:- "പിതാവിൻെറ ഏതൊരു കൎമ്മഫലത്താൽ പുത്രൻ ഇന്നു് അദ്ദേഹത്തിൻെറ സ്വത്തിനു് അവകാശിയായിത്തീൎന്നിരിക്കുന്നുവോ അതേ കൎമ്മഫലത്താൽ അവൻ നമ്മുടെ അവജ്ഞയ്ക്കു് പാത്രവുമാണു്. നീ ഒരു മനുഷ്യനാണെങ്കിൽ അവനെ ഒരു പിശാചിനെപ്പോലെ കണക്കാക്കി അവൻെറ സഹവാസത്തെ വെടിയണം"

അവൻെറ ശരീരമാസകലം വിറയ്ക്കുന്നതായി

ഞാൻ കണ്ടു. എൻെറ പ്രസംഗം ഫലിച്ചു എന്നെനിക്കു മനസ്സിലായി. ആനന്ദത്തിൻെറ തിരകഠം എൻെറ ഹൃദയത്തിൽ അടിക്കടി വന്നലച്ചു.

## രണ്ട്

കഷ്ടം! ഈ ഉപായം ഞാൻ ആദ്യംതന്നെ പ്രയോഗിച്ചിരുന്നു എങ്കിൽ സുബോധൻ പരീക്ഷയിൽ തോല്ക്കുമായിരുന്നില്ല. ഇതിനു ഞാനാദ്യമേ തുനിയാതിരുന്നതു് വലിയ പശ്ചാത്താപത്തിനു കാരണമായി. കാര്യം തുറന്നു പറഞ്ഞതോടുകൂടി സുബോധൻെറ മട്ടെല്ലാം മാറിക്കണ്ടു. അവൻ ഇപ്പോഠം യഥാർത്ഥത്തിൽ "സുബോധൻ"തന്നെയായിട്ടാണു് ജീവിക്കുന്നതു്. സ്കൂഠം വിട്ടാൽ വീട്ടിലേക്കു മടങ്ങിവരുവാൻ ഇപ്പോഠം അധികം താമസിക്കാറില്ല. വായനയിലും അസാധാരണമായി മനസ്സിരുത്തിത്തുടങ്ങീട്ടുണ്ടു്. വല്ലപ്പോഴും ഞാൻ അവൻെറ മുറിയിൽച്ചെന്നു നോക്കുകയാണെങ്കിൽ അപ്പോഴെല്ലാം അവൻ കയ്യിൽ പുസ്തകവുമായി ഇരിക്കുന്നതേ കാണാറുള്ളു. അവൻെറ ആ സമ്പ്രദായവും എനിക്കത്ര പിടിച്ചില്ല. വിദ്യാത്ഥികഠം ഏതു സമയവും പുസ്തകവുമായിത്തന്നെ കഴിച്ചുകൂട്ടുന്നതും എനിക്കിഷ്ടമല്ലായിരുന്നു. ഇടയ്ക്കൊക്കെ വിശ്രമവും—കളിയും ചിരിയും നേരമ്പോക്കും എല്ലാം—കുറെശ്ശെ ആവശ്യമാണു്. എന്നാൽ അക്കാര്യം അവ

നോട്ട പറയുവാൻ എൻെറ നാക്ക പൊങ്ങിയില്ല. വീണ്ടും അവൻ വല്ല ചീത്തക്കൂട്ടത്തിലും ചെന്നു ചെട്ടെങ്കിലോ എന്ന ഭയവും എനിക്കുണ്ടായിരുന്നു. വീട്ടിൽവെച്ചുതന്നെ വ്യായാമം പരിശീലിക്കുവാനായി ഒരു സെററ് സാണ്ടോഗദകൾ അവനു ഞാൻ വാങ്ങിച്ചുകൊടുത്തു. വരാന്തയിൽ ഒരു ബാറും ഇട്ടു. പക്ഷെ, അതുകൊണ്ടൊന്നും ഒരു ഫലവുമുണ്ടായില്ല. വെറുതെ പണം ചെലവാക്കിയതുതന്നെ മിച്ചം! ഉടനെ ഞാൻ മറെറാരു ഉപായം പ്രയോഗിച്ചുനോക്കി. മൂന്നുനാലു ബങ്കാളിമാസികകളുടെ വരിക്കാരനായിച്ചേൎന്ന് അതെല്ലാം അവനു വായിക്കുവാൻ കൊടുത്തു. പാഠ്യപുസ്തകങ്ങൾ വായിച്ചുവായിച്ചു തല പുണ്ണാകുമ്പോൾ ഇടക്കിടയ്ക്കു് ഇങ്ങനെയുള്ള പത്രഗ്രന്ഥങ്ങൾ വായിക്കുന്നതു തലയ്ക്കു തെല്ലൊരു ഉന്മേഷത്തിനു കാരണമാണു്. ഒരു ദിവസം ആഫീസിൽനിന്നു മടങ്ങിവരുമ്പോൾ കുറേ നോവലുകളും ഞാൻ വിലയ്ക്കുവാങ്ങിക്കൊണ്ടുവന്നു. അന്നു സുബോധൻ അപ്പോഴും വീട്ടിൽ മടങ്ങിഎത്തിയിട്ടില്ലായിരുന്നു. സന്ധ്യക്കു് അവൻ വീട്ടിൽവന്നു കയറിയപ്പോൾ ഞാൻ വലിയ ജോലിത്തിരക്കിൽ ഇരിക്കുകയായിരുന്നു. അന്നു് ആഫീസിൽനിന്നു മടങ്ങിവരുമ്പോൾ ഒരു പരപ്പ് കടലാസ്സുംകൊണ്ടാണു് ഞാൻ വന്നതു്. അതൊക്കെ നോക്കിക്കൊണ്ടിരിക്കുന്ന തിരക്കിൽ നോവലുകൾ അവനെ വിളിച്ചേല്പിക്കുവാൻ തല്ക്കാലം സാധിച്ചില്ല. ജോലിയെല്ലാം അവസാനിച്ചപ്പോൾ നോവലുകളുമായി ഞാൻ അവൻെറ

മുറിയിൽ കടന്നുചെന്നു പതിവുപോലെ അന്നും അവൻ മേശപ്പുറത്തുള്ള ഒരു നാല്ക്കാലിയിന്മേൽ ഇരുന്നു് പാഠ്യപുസ്തകം വായിച്ചുകൊണ്ടിരിക്കുന്നതാണു കണ്ടതു്. എൻെറ ഹൃദയം അനുകമ്പയാൽ ആർദ്രമായി. പാവം! അവൻെറ ഉന്മേഷവും ഉത്സാഹവും കളിയും നേരമ്പോക്കും എല്ലാം തീരെ ഇല്ലാതാക്കിയതു ഞാനാണല്ലോ. "സുബോധ" എന്നു ഞാൻ പതുക്കെ വിളിച്ചു. എന്നെ കണ്ട ഉടനെ അവൻ പുസ്തകം പെട്ടെന്നടച്ചുകളഞ്ഞു. അടുത്തുചെന്നു ഞാൻ പുസ്തകമെടുത്തുനോക്കി. അപ്പോഴാണു്, അതു പാഠപുസ്തകമല്ല, "യഥാർത്ഥപ്രതീകാരം" എന്ന ഒരു ബങ്കാളിനാടകമാണു് എന്നെനിക്കു മനസ്സിലായതു്. എൻെറ മനസ്സിനു് പെട്ടെന്നൊരിടിവുതട്ടി. സൂക്ഷിച്ചുനോക്കിയപ്പോൾ മേശപ്പുറം മുഴുവനും ബങ്കാളിപുസ്തകങ്ങളാൽ നിറഞ്ഞിരിക്കുന്നതായിട്ടു കണ്ടു. ആശ്ചര്യം! ഇത്രയും നാൾ ഇതൊന്നും എൻെറ ദൃഷ്ടിയിൽപ്പെടാൻ ഇടയായില്ലല്ലോ.

ഞാൻ എൻെറ കയ്യിലുണ്ടായിരുന്ന നോവലുകൾ മേശപ്പുറത്തുവെച്ചിട്ടു് ഇങ്ങനെ പറഞ്ഞു:— "നിൻെറ കൈവശം ബങ്കാളിപുസ്തകങ്ങൾ ധാരാളമുണ്ടല്ലോ."

സുബോധൻ:— "ഉവ്വ്. പാഠപുസ്തകങ്ങൾ വായിച്ചു വായിച്ചു തല പുകയുമ്പോൾ ഇടയ്ക്കിടക്കു വല്ലതും എടുത്തുവായിച്ചു നോക്കാമല്ലോ എന്നു വിചാരിച്ചു് കൊണ്ടുവന്നുവെച്ചിരിക്കയാണു്."

ഞാൻ:—കൊള്ളാം; അതു വളരെ നല്ലതാണ്. ഞാനും അതുതന്നെ പറയുവാനാണ് വന്നതു്.''

എൻെറ മനസ്സിൽനിന്നു് ഒരു ഭാരം ഒഴിഞ്ഞതു പോലെ തോന്നി. ഞങ്ങളുടെ ആഫീസ് മാനേജരായ മിസ്റ്റർ മജുംദാർ ഈ അവസരത്തിൽ അവിടെ കടന്നുവന്നതു ഞാൻ അറിഞ്ഞില്ല. അദ്ദേഹം എൻെറ പുറത്തു തട്ടിക്കൊണ്ടു്, "ഹല്ലൊ! ഇവിടെ എന്താണു നടക്കുന്നതു്? സുബോധൻെറ പഠിത്തം പരിശോധിക്കയാണെന്നു് തോന്നുന്നല്ലോ. ഇതെന്താണു്! മേശപ്പുറം മുഴുവനും ചപ്പുചവറുകൊണ്ടു നിറഞ്ഞിരിക്കുകയാണല്ലോ." എന്നു പറഞ്ഞുകൊണ്ടു് ഒന്നു രണ്ടു ബങ്കാളി പുസ്തകങ്ങൾ കയ്യിലെടുത്തു നോക്കിയതിനു ശേഷം വീണ്ടും അവയെ, ശബ്ദമുണ്ടാകത്തക്കവിധം മേശപ്പുറത്തുതന്നെ വലിച്ചെറിഞ്ഞിട്ടു് തൻെറ നീരസത്തെ ഇങ്ങനെ പ്രകടിപ്പിച്ചു:—Very bad—Very bad—ഈ വക കൊള്ളരുതാത്ത പുസ്തകങ്ങളെല്ലാം വായിച്ചുകൊണ്ടിരിക്കയാണെങ്കിൽ ഇത്തവണയും നിശ്ചയമായും നീ തോല്ക്കുകയേ ഉള്ളൂ. കാന്തിബാബു! നിങ്ങൾ ഇവൻെറ ഗുണത്തെ കാംക്ഷിക്കുന്നുണ്ടെങ്കിൽ ഇതൊന്നും തൊട്ടുകൂടിപ്പോലും ചെയ്‌വാൻ ഇവനെ സമ്മതിക്കരുതു്; മനസ്സിലായോ?"

മിസ്റ്റർ മജുംദാർ പ്രസിദ്ധനായ ഒരു 'സ്വദേശി വിരോധി'യാണ്. അദ്ദേഹത്തിൻെറ ഉപദേശം കൈക്കൊള്ളുവാൻ ഞാനൊരിക്കലും സന്നദ്ധനല്ല. ന

ന്മാരുടെ ഇടയിൽ ഇപ്പോൾ വല്ല ഉണർച്ചയും ഉത്സാഹവും ധൈര്യവും തന്റേടവും കാണപ്പെടുന്നുണ്ടെങ്കിൽ അതെല്ലാം സ്വദേശിവ്രതത്തിന്റെ ഫലമാണു്. ബങ്കാളികൾ വഴക്കിനും വെട്ടിനും കുത്തിനും ഇത്രമാത്രം നെഞ്ഞൂക്കുള്ളവരാണെന്നു കുറച്ചുകാലം മുമ്പുവരെ ആരും വിശ്വസിച്ചിരുന്നതല്ലല്ലോ. അദ്ദേഹത്തിന്റെ വാ കെട്ടിയടയ്ക്കുവാനായി ഞാൻ ഉടനെ അദ്ദേഹത്തേയും കൂട്ടിക്കൊണ്ടു മറ്റൊരു മുറിയിലേക്കു പൊയ്ക്കളഞ്ഞു. പിറ്റേദിവസം ആഫീസു പരിശോധനയ്ക്കായി വലിയസായ്പ് വരുന്നുണ്ടെന്നും അതിനാൽ കുറെ നേരത്തെതന്നെ ആഫീസിലേക്കു ചെല്ലണമെന്നും എന്നെ അറിയിക്കുവാനായിരുന്നു അദ്ദേഹം വന്നതു്.

## മൂന്നു്

ആലോചനയ്ക്കുള്ള വിഷയമായി എനിക്കു വേറെ വിശേഷിച്ചൊന്നുമുണ്ടായിരുന്നില്ല. സുബോധനെക്കുറിച്ചുള്ള വിചാരം മാത്രമാണു് സദാസമയവും എന്റെ മനസ്സിൽ സ്ഥലം പിടിച്ചിരുന്നതു്. അന്നുരാത്രി ഉറങ്ങുവാൻ ചെന്നുകിടന്നപ്പോൾ അവനെ സംബന്ധിച്ചു് അന്നു നടന്ന സംഭവങ്ങൾ ഓരോന്നോരോന്നായി എന്റെ മനസ്സിൽ ഉദിക്കുവാൻ തുടങ്ങി. രാത്രിയുടെ ആ നിശ്ശബ്ദതയിൽ ഏറ്റവും നിസ്സാരമായ സംഗതിയും വളരെ വ്യക്തമായി വലിയ അക്ഷരത്തിൽ എഴുതപ്പെട്ടതുപോലെ എന്റെ മനോനേത്രത്തിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

ആ പുസ്തകത്തിൻെറ പേർ "യഥാൎത്ഥപ്രതീകാരം" എന്നാണ്. എന്തു താല്പൎയ്യത്തോടുകൂടിയായിരുന്നു അവൻ ആ പുസ്തകം വായിച്ചുകൊണ്ടിരുന്നതു്! ഞാൻ മുറിയിൽക്കടന്നുചെന്നതു് അവൻ അറിഞ്ഞതേ ഇല്ല. എൻെറ വിളികേട്ടപ്പോൾ അവൻ വല്ലാതെ ഒന്നു ഞെട്ടി പെട്ടെന്നു പുസ്തകം അടച്ചുകളഞ്ഞു. ഇത്രമാത്രം ഭയപ്പെടുവാൻ എന്തായിരിക്കും കാരണം? ആ പുസ്തകത്തെ ഇത്ര രഹസ്യമായി സൂക്ഷിക്കുവാൻ അവനെ പ്രേരിപ്പിച്ച സംഗതി എന്തായിരിക്കും? ഇത്തരം പുസ്തകങ്ങൾ വായിക്കുന്നതോടുകൂടി അതിലെ കഥാനായകനോടു സാമ്യം വന്നുപോകത്തക്കവിധത്തിൽ അവൻെറ ഹൃദയത്തിൽ ശക്തിമത്തായ പ്രതികാരച്ഛ യഥാൎത്ഥത്തിൽ വേരൂന്നിപ്പോയി എന്നു വരുമോ? ഇതെല്ലാം ആലോചിച്ചാലോചിച്ചു് എൻെറ മനസ്സു് വല്ലാതെ കലങ്ങി. ഈവക ചിന്തകൾക്കിടയിൽ എപ്പോഴാണ് നിദ്രാദേവിവന്നു് എന്നെ ആശ്ലേഷിച്ചതെന്നു് ഞാനറിഞ്ഞതേയില്ല.

പിറേറദിവസം മേലധികാരി ആഫീസ്സിൽ വരുന്ന ദിവസമാണ്. സ്നാനാഹാരാദിനിത്യകൎമ്മങ്ങളെല്ലാം വേഗം വേഗം ചെയ്തുതീൎത്തിട്ടു് നേരത്തെതന്നെ ഞാൻ ആഫീസിലേക്കുപോയി. പരിശോധന കഴിഞ്ഞു് സായ്പു് പൊയ്ക്കഴിഞ്ഞപ്പോൾ അന്നു വളരെ നേരത്തേതന്നെ ആഫീസിൽനിന്നു മടങ്ങാനും സാധിച്ചു. അതിൻെറ പിറേറദിവസംമുതൽ നവരാത്രി ഒഴിവുതുടങ്ങുകയായി. അതിനാൽ എല്ലാംകൊണ്ടും

വളരെ ഉത്സാഹത്തോടുകൂടിയാണു് അന്നു ഞാൻ വീട്ടിലേക്കു മടങ്ങിയതു്.

അപ്പോഴും സുബോധൻ സ്കൂളിൽനിന്നു മടങ്ങിയെത്തേണ്ട സമയമായിരുന്നില്ല. എന്നാൽ വീട്ടിൽ വന്നു നോക്കിയപ്പോൾ സുബോധന്റെ മുറിയുടെ വാതിൽ അകത്തുനിന്നു് അടച്ചിരിക്കുന്നതായിട്ടാണു് കണ്ടതു്. ഉള്ളിൽ എന്തോ ഒരു വഴക്കു നടക്കുന്നതുപോലെ ചില ശബ്ദങ്ങളും കേൾക്കാനുണ്ടു്. ഞാൻ വാതില്ക്കൽ ചെന്നു ചെവിയോർത്തുനിന്നു. സുബോധന്റെ ഒച്ചയാണു് അകത്തുനിന്നു കേൾക്കുന്നതു:—"ദുഷ്ട! പരമദ്രോഹി! പ്രതീകാരം—പ്രതീകാരം!" എന്നിങ്ങനെയുള്ള വാക്കുകളും അതോടുകൂടി ഒരു ഖഡ്ഗം നിലത്തു തട്ടുമ്പോഴുണ്ടാകാറുള്ള "ഝൽ ഝൽ" എന്ന ശബ്ദവും എന്റെ ചെവിയിൽ വന്നുമുഴങ്ങി. എന്റെ തല കറങ്ങിപ്പോയി. സംഭവഗതികളുടെ പരമാർത്ഥസ്ഥിതി ഞാൻ ഊഹിച്ചറിഞ്ഞു. അവൻ പ്രതീകാരേച്ഛയാൽ ഉന്മത്തനായി യഥാർത്ഥത്തിൽ ശത്രുവിന്റെ രക്തപാനത്തിനു മുതിർന്നിരിക്കയാണു്. കഷ്ടം! ഞാൻ തന്നെയാണല്ലോ ഇവനെ ഇത്തരത്തിലുള്ള സാഹസത്തിനു സന്നദ്ധനാകുമാറു് പ്രതീകാരഭ്രാന്തനാക്കിത്തീർത്തതു്! പരിഭ്രമത്താലും പശ്ചാത്താപത്താലും എന്റെ ശരീരമാസകലം വിറച്ചു. "സുബോധ! സുബോധ:" എന്നു ഞാൻ സംഭ്രമത്തോടുകൂടി വിളിച്ചു ക്ഷണനേരംകൊണ്ടു് എല്ലാം ശാന്തമായിത്തീൎന്നു. പക്ഷെ വാതിൽ അപ്പോഴും അടയ്ക്കപ്പെട്ടതന്നെയാണു്

ഇരുന്നതു്. ഞാൻ കൈകൊണ്ടു വാതില്ക്കൽ മുട്ടി. എന്നിട്ടും വാതിൽ തുറന്നില്ല. അകത്തു് ദ്രുതഗതിയിലുള്ള പാദന്യാസശബ്ദങ്ങൾ കേട്ടപ്പോൾ സുബോധൻ വേറെ വാതിലിൽക്കൂടെ പുറത്തേക്കുപോയി എന്നു ഞാൻ നിശ്ചയിച്ചു. ഉടനെ ഞാൻ അങ്ങേവശം ചുററി ആ വാതിലിൽക്കൂടെ അകത്തേക്കു കടന്നു നോക്കിയപ്പോൾ അവിടെ ആരും ഉണ്ടായിരുന്നില്ല. ഇപ്പോൾത്തന്നെ ഒരു വാൾ കിലുങ്ങുന്ന ഒച്ച ഞാൻ കേട്ടുവല്ലോ. അതെവിടെ? അതും അവൻ കൊണ്ടുപോയിരിക്കാം. എന്താണാവോ ഇതിൻെറയെല്ലാം അത്ഥം? എൻെറ മനസ്സിനു തീരെ സമാധാനമില്ലാതായി. കൃഷ്ണനാഥൻ താമസിക്കുന്ന സ്ഥലത്തേക്കു് ഉടനെഞാൻ പുറപ്പെട്ടു. അവനു മുൻകരുതൽ കൊടുത്തു് സൂക്ഷിച്ചിരിക്കണമെന്നു പറയേണ്ടതു് അത്യാവശ്യമായിട്ടാണല്ലോ വന്നിരിക്കുന്നതു്. വഴിനീളെ അക്കാൎയ്യത്തെക്കുറിച്ചുതന്നെയാണ് ഞാൻ ആലോചിച്ചുകൊണ്ടിരുന്നതു്. അവൻെറ താമസസ്ഥലത്തേക്കു ചെന്നപ്പോൾ കേട്ടു അവൻ നാട്ടിലേക്കു പോയിരിക്കുകയാണെന്നു്. അതു കേട്ടതോടുകൂടി മനസ്സിനു തെല്ലൊരാശ്വാസം ലഭിച്ചു. ഞാൻ വീട്ടിലേക്കു മടങ്ങിച്ചെന്നു. സുബോധൻെറ വരവും കാത്തിരിപ്പായി. സന്ധ്യയ്ക്കു് അവൻ ഏതായാലും വീട്ടിൽ മടങ്ങിവരാതിരിക്കയില്ലെന്നു് എനിക്കറിയാം. എന്നാൽ എൻെറ പ്രതീക്ഷ അന്നു വിഫലമായതേ ഉള്ളൂ. സന്ധ്യകഴിഞ്ഞിട്ടും സുബോധനെ കാണ്മാനില്ല. അത്താഴത്തിനുള്ള സമ

യവും അതിക്രമിച്ചു. എന്നിട്ടും സുബോധൻ വന്നു ചേൎന്നില്ല. അവൻ എന്തെങ്കിലും പറഞ്ഞിട്ടാണോ ഇവിടെനിന്നു പോയതു് എന്നു് അടുക്കളയിൽ ചെന്നു വേലക്കാരിയോടു ചോദിച്ചുനോക്കി. "എന്നോടൊന്നും പറഞ്ഞിട്ടില്ല" എന്നായിരുന്നു അവളുടെ മറുപടി. വീണ്ടും ഞാൻ കൃഷ്ണനാഥൻെറ മെസ്സിലേക്കോടി. പട്ടണത്തിൽ വേറയും ഒന്നുരണ്ടു സ്ഥലങ്ങളിൽ ചെന്നന്വേഷിച്ചു. ഒരിടത്തും സുബോധനെ കണ്ടുകിട്ടിയില്ല. ഒടുവിൽ പിന്നെയും വീട്ടിലേയ്ക്കു തന്നെ മടങ്ങിവന്നു. വേലക്കാരെ ബുദ്ധിമുട്ടിയ്ക്കേണ്ട എന്നു കരുതി ഞാൻ ആഹാരം കഴിക്കുവാൻ ചെന്നിരുന്നു. വാസ്തവത്തിൽ അന്നെനിക്കു് ഒരുരുള ചോറു പോലും ഉള്ളിൽചെന്നില്ല. ഉറങ്ങാൻപോയി കിടന്നിട്ടു് ഉറക്കവും വന്നില്ല. പിറേറദിവസം നേരം വെളുത്തിട്ടും സുബോധൻ വരികയുണ്ടായില്ല. മണി പത്തായി; എന്നിട്ടും അവനെ കാൺമാനില്ല മനസ്സു് പതറിത്തുടങ്ങി. പെട്ടെന്നു് എനിക്കൊരു ഊഹം തോന്നി. നിശ്ചയമായും കൃഷ്ണനാഥനെ തിരഞ്ഞു സുബോധൻ നാട്ടിലേക്കു പോയിട്ടുണ്ടായിരിക്കും. ഒരുപക്ഷെ—ഹാ! ഒരുപക്ഷെ ഇതിനിടയിൽ ആ ഖഡ്ഗം അവൻെറ ചോരയിൽ മുഴുകീട്ടുണ്ടാവാം! ഞാൻ തടുത്തെങ്കിലോ എന്നു കരുതി ഒളിച്ചുപൊയ്ക്കളഞ്ഞതായിരിക്കണം. അയ്യോ! എന്തൊരനൎത്ഥം! എല്ലാം തുലഞ്ഞു! അവൻ ചതിച്ചു! ഞാൻ ഭ്രാന്തനെപ്പോലെ ഇരുന്നിടത്തുനിന്നും ചാടി എഴുന്നേററു; ഒരു ചെറി

യ മണിബാഗ്ഗും എടുത്തു് തീവണ്ടി ആഫീസിലേക്ക് ഓടി. കച്ചേരിയില്ലാത്ത ഒഴിവുദിവസങ്ങളായതു് എന്തു മഹാഭാഗ്യമായിപ്പോയി!

വണ്ടിസ്റ്റേഷനിൽ ചെന്നു നിന്നപ്പോൾ മണി അഞ്ചായി. വണ്ടിയിൽനിന്നിറങ്ങിയ വഴി ഞാൻ ഇളയച്ഛൻെറ വീട്ടിലേക്കു് ഓടുകയാണു ചെയ്തതു്. വെറും ഭ്രാന്തനെപ്പോലെയാണു് ഞാൻ ഓടിപ്പോയതു്. അങ്ങുമിങ്ങും വല്ലവരും നില്പുണ്ടോ ഇല്ലയോ, ആരെങ്കിലും എന്നെ നോക്കുന്നുണ്ടോ, വല്ലതും എന്നോടു ചോദിക്കുന്നുണ്ടോ എന്നൊന്നും എനിക്കു നോട്ടമേ ഇല്ല. ഒരിടത്തേക്കും തിരിഞ്ഞുനോക്കാതെ ഞാൻ രാമബാണം പോലെ പായുകയാണു്. ഞങ്ങളുടെ വീട്ടിലേക്കു പോകുന്നവഴിയുടെ ഇടത്തുഭാഗത്തായി ഒരു ചെറിയ കാടുണ്ടു്. ആ കാട്ടിനുള്ളിൽക്കൂടെ പോയാൽ വീട്ടിൽ കുറെ വേഗത്തിൽ എത്താൻ കഴിയും. ഞാൻ ആ കുറുക്കുവഴിയേ പോകാമെന്നുവെച്ചു് അതിലേ തിരിഞ്ഞു. അല്ലാ, ഇതെന്തൊരു കഥ! സുബോധൻെറ ഒച്ചയല്ലേ ഈ കേൾക്കുന്നതു്? "ദുഷ്ടാ! പരമദ്രോഹി!" എന്നുള്ള ആ ഭയങ്കരമായ അട്ടഹാസംതന്നെ ഇതാ ഇവിടെയും കേൾക്കുന്നു. ഞാൻ ഒരു വശത്തേക്കു തിരിഞ്ഞുനോക്കി. അവിടെ കണ്ട കാഴ്ച എന്നെ സ്തബ്ധനാക്കി. ഞാൻ പെട്ടെന്നു് ഇതികർത്തവ്യതാമൂഢനായി അവിടെത്തന്നെ നിന്നുപോയി. കഷ്ടം! ഞാൻ ഉദ്ദേശിച്ചതുപോലെതന്നെ വന്നുകൂടി. ഇനി

സംശയമേ ഇല്ല. അതാ സുബോധൻ ഒരു കൈകൊണ്ടു് കൃഷ്ണനാഥനെ മുറുകെ പിടിച്ചു മററെക്കൈയ്യിൽ വാളോങ്ങിക്കൊണ്ടു് ഇങ്ങനെ അലറുന്നു:— "ദുഷ്ടാ! പരമദ്രോഹി! നോക്കിക്കോ, ഇതാണു് എൻെറ പ്രതീകാരം!! പ്രതീകാരം!!

സമയം ഇനിയും അതിക്രമിച്ചിട്ടില്ല. അവസരം തെററിയിട്ടില്ല. ഖഡ്ഗം അപ്പോഴും വക്ഷസ്സിൽ തറച്ചുകഴിഞ്ഞിരുന്നില്ല. ഞാൻ പരിഭ്രമത്തോടെ "അരുതു്! അരുതു്! വെട്ടരുതു്! സാഹസംപ്രവത്തിക്കരുതു്!" എന്നു് ഉറക്കെ നിലവിളിച്ചുകൊണ്ടു് വായുവേഗത്തിൽ ആ സ്ഥലത്തേക്കു പാഞ്ഞു പക്ഷേ, അയ്യോ! കഷ്ടം! നിയതിയെ തടുക്കുവാൻ ആരെക്കൊണ്ടു് സാധിക്കും! ഞാൻ അവിടെ എത്തുന്നതിനുമുൻപുതന്നെ ഖഡ്ഗം കൃഷ്ണനാഥൻെറ വക്ഷസ്സിൽ പിടിവരെ താണുകഴിഞ്ഞു. അയ്യോ എന്നു നിലവിളിച്ചുകൊണ്ടു് കൃഷ്ണനാഥൻ നിലംപതിച്ചു. ഞാനും അവിടെത്തന്നെ മോഹാലസ്യപ്പെട്ടു വീണുപോയി.

മോഹാലസ്യം മാറി ഞാൻ കണ്ണുതുറന്നു നോക്കിയപ്പോഠം, അല്ലാ ഇതെന്തൊരത്ഭുതം! സുബോധനും കൃഷ്ണനാഥനും എൻെറ അടുക്കൽത്തന്നെ ഇരിപ്പുണ്ടു്. അത്ഭുതപരതന്ത്രനായ ഞാൻ ഇതെന്തൊരു മറിമായം എന്നോത്തു് കുറേനേരം അവരുടെ മുഖത്തേക്കുതന്നെ നോക്കിക്കൊണ്ടുകിടന്നു. പിന്നീടു് കാര്യം ചോദിച്ചു

പ്പോഴാണ് നവരാത്രി സംബന്ധിച്ച് ഇളയച്ഛനായ രമാനാഥൻെറ ഗൃഹത്തിൽ അഭിനയിക്കുവാൻപോകുന്ന "യഥാർത്ഥപ്രതീകാരം" എന്ന നാടകത്തിലെ പ്രധാന വേഷക്കാരായ അവർ രണ്ടുപേരും തങ്ങളുടെ ഭാഗം അഭിനയിച്ചു പരിചയിക്കയായിരുന്നു എന്ന് എനിക്കു മനസ്സിലായതു്.

ശുഭം.

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No MF9 Acc. No 83121

This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9 83121
SAR K
ശർമ്മ. ആർ.സി
ആഹാരക്രമങ്ങൾ

# കഥാപുസ്തകങ്ങൾ

| | |
|---|---|
| പെൺചെന്നായ് | 1—4—0 |
| ത്രിലോകസുന്ദരി | 1—4—0 |
| അവർ മനുഷ്യരായിജീവിക്കാനാഗ്രഹിക്കുന്നു | 1—4—0 |
| ലീലാഞ്ജലി | 1—4—0 |
| പൂഞ്ചോല | 1—4—0 |
| ജീവിതവല്ലി | 1—4—0 |
| നർത്തകി | 1—4—0 |
| അശ്രുധാര | 1—0—0 |
| ജയിൽപുള്ളി | 1—0—0 |
| സംസാരിക്കുന്ന മൃഗങ്ങൾ | 1—0—0 |
| സാഹസിക | 1—0—0 |
| ലേഡിടൈപ്പിസ്റ്റ് | 1—0—0 |
| വെട്ടും തിരുത്തും | 1—0—0 |
| പ്രണാമം | 1—0—0 |
| ഉടയാത്ത കുടം | 1—0—0 |
| ദീപവും ജ്വാലയും | 1—0—0 |
| ഒഴിഞ്ഞ കസേര | 1—0—0 |
| ജീവിതത്തിൻെറ വിത്തുകൾ | 1—0—0 |
| മഞ്ഞുപെയ്യുന്ന രാത്രി | 1—0—0 |
| ഗ്ലഡ്‌വാലി | 1—0—0 |
| രസികൻ കഥകൾ | 0—12—0 |
| കഥാകുസുമങ്ങൾ | 0—12—0 |
| നാടൻ മദാമ്മ | 0—12—0 |
| നീച്ചുഴി | 0—12—0 |
| പാവത്തിൻെറ ഭാഗ്യം | 0—12—0 |
| അഭിലാഷങ്ങൾ | 0—8—0 |
| വിനോദരശ്മികൾ | 0—8—0 |

എല്ലാത്തരം മലയാളപുസ്തകങ്ങൾക്കും ഞങ്ങൾക്കെഴുതുക:—
ശ്രീനരസിംഹവിലാസം ബുക്കുഡിപ്പോ, തുറവൂർ T. C. S.